# കേരളം പുതുനൂറ്റാണ്ടിലേക്ക്

## ഇടതുപക്ഷ ജനാധിപത്യമുന്നണി പ്രകടനപത്രിക

320.954
PRA

❖ 12 ലക്ഷംപേർക്ക് തൊഴിൽ ❖ എല്ലാവർക്കും വീട് ❖ വൈദ്യുതിമിച്ചസംസ്ഥാനം ❖ എല്ലാവീടിനും വെള്ളവും വെളിച്ചവും കക്കൂസും ❖ അർഹരായ മുഴുവൻപേർക്കും കൈവശഭൂമിക്ക് പട്ടയം ❖ ഐടിയിൽ 5 ലക്ഷം പേർക്ക് സർട്ടിഫിക്കറ്റ്, 3 ലക്ഷം പേർക്ക് ഡിപ്ലോമ, 1 ലക്ഷം പേർക്ക് ഡിഗ്രി ❖ ജൈവ - വിവരവിനിമയ സാങ്കേതികവിദ്യ മേഖലയിലും ടൂറിസത്തിലും ഊന്നൽ ❖ സമ്പൂർണ്ണ സാമൂഹ്യക്ഷേമ സുരക്ഷിതത്വ പരിപാടി ❖ 1 ലക്ഷം വനിതാ അയൽക്കൂട്ടങ്ങളും 2 ലക്ഷം സ്വയംതൊഴിൽ സംരംഭങ്ങളും ❖ ഉൽപാദനവർദ്ധനവിന് സംഘകൃഷിയും ആധുനികവൽക്കരണവും ❖ കാർഷികസംസ്കരണ വ്യവസായങ്ങൾ കൃഷിരക്ഷയ്ക്ക് ❖ പരമ്പരാഗത വ്യവസായസംരക്ഷണവും നവീകരണവും ❖ പൊതുമേഖലയ്ക്ക്സംരക്ഷണം ❖ അധികാരം ജനങ്ങൾക്ക് - ജനകീയാസൂത്രണത്തിലൂടെ ❖ അറിയാനുള്ള അവകാശം സംബന്ധിച്ച് നിയമനിർമ്മാണം ❖ വർഗ്ഗീയതയോടും അഴിമതിയോടും സന്ധിചെയ്യാത്ത ഭരണം ❖ സുസ്ഥിരഭരണം സമാധാനജീവിതം

J952

# ആമുഖം

ഐശ്വര്യപൂർണ്ണമായ ഒരു പുതുനൂറ്റാണ്ടിലേക്ക് കേരളത്തെ നയിക്കുന്നതിനുള്ള ഒരു കർമ്മപരിപാടി ജനങ്ങളുടെ മുമ്പാകെ ഇടതുപക്ഷ ജനാധിപത്യമുന്നണി അവതരിപ്പിക്കുകയാണ്. ഇതുനടപ്പാക്കുന്നതിന് ഇടതുപക്ഷജനാധിപത്യശക്തികൾക്ക് മാത്രമാണ് കഴിയുക. ഐക്യകേരള രൂപീകരണത്തിനുവേണ്ടിയുള്ള പ്രക്ഷോഭം മുതൽക്കുള്ള വഴിത്തിരിവുകളോരൊന്നിലും ഈ ശക്തികളാണ് സംസ്ഥാനത്തിനു ദിശാബോധം നൽകിയത്. ഭൂപരിഷ്കരണം, വിദ്യാഭ്യാസപരിഷ്കാരം, സാമൂഹ്യസുരക്ഷിതത്വ നടപടികൾ, സാക്ഷരത, അധികാരവികേന്ദ്രീകരണം തുടങ്ങി ഓരോ വികസന അജണ്ടയും കേരളീയരുടെ മുമ്പാകെ വെച്ചത് ഇടതുപക്ഷകക്ഷികൾ നയിച്ച സർക്കാരുകളാണെന്ന് ചരിത്രം പരിശോധിക്കുന്ന ഏതൊരാൾക്കും കാണാം. എല്ലാറ്റിനുമുപരി അവ ഇന്നാട്ടിലെ സാധാരണ പൗരന്മാർക്ക് അന്യാദൃശമായ അഭിമാനബോധവും അവകാശബോധവും നൽകി. ഈ അഭിമാനകരമായ പാരമ്പര്യത്തിന്റെ ഉടമകൾ കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിനുള്ള കാഴ്ചപ്പാടും അടുത്ത അഞ്ചുവർഷക്കാലത്തേക്കുള്ള കർമ്മപരിപാടിയും ഈ തെരഞ്ഞെടുപ്പ് പത്രികയിലൂടെ മുന്നോട്ടുവെക്കുകയാണ്.

സംസ്ഥാനത്തിന്റെ വികസനം ഇന്നു അടിസ്ഥാനപരമായി രണ്ടു സാമൂഹ്യ-സാമ്പത്തിക പ്രതിബന്ധങ്ങളെ നേരിടുന്നു. ഒന്നാമത്തേത്, കേരളത്തിന്റെ സമസ്തമേഖലകളെയും തകർത്തുകൊണ്ടിരിക്കുന്ന ആഗോളവൽക്കരണനയങ്ങളാണ്. കോൺഗ്രസാണ് ഈ നയങ്ങളുടെ ഉപജ്ഞാതാക്കൾ. ഈ നയങ്ങൾതന്നെയാണ് ബിജെപി ഗവർമെണ്ട് ഇന്ന് ശക്തമായി പിന്തുടരുന്നതും. കേരളത്തെ തകർക്കുന്ന സാമ്പത്തികനയങ്ങളെ നിരന്തരമായി ചെറുത്തുകൊണ്ട് പുതിയ ശാസ്ത്രസാങ്കേതിക വിദ്യകൾ പ്രദാനം ചെയ്യുന്ന അവസരങ്ങളെ പ്രയോജനപ്പെടുത്തുന്നതിനുള്ള പരിപാടിയാണ് ഇടതുപക്ഷജനാധിപത്യമുന്നണി മുന്നോട്ടുവയ്ക്കുന്നത്.

ജനങ്ങളെ തമ്മിലടിപ്പിക്കുന്ന വർഗീയതയുടെ ഭീഷണിയാണ് വികസനത്തിന് മുന്നിലെ രണ്ടാമത്തെ പ്രതിബന്ധം. വികസനത്തോടുള്ള ഇന്നത്തെ വെല്ലുവിളി നേരിടുന്നതിന് പരമാവധി ജനകീയഐക്യം കൂടിയേതീരൂ. അത് ഊട്ടിയുറപ്പിക്കുന്നതിന് പകരം മതന്യൂന പക്ഷങ്ങൾക്കെതിരെ ആക്രമണങ്ങൾ സംഘടിപ്പിച്ചുകൊണ്ട് യഥാർത്ഥ പ്രശ്നങ്ങളിൽ നിന്ന് ജനശ്രദ്ധ തിരിച്ചുവിടുന്നതിനാണ് ബി.ജെ.പി. ശ്രമിക്കുന്നത്. ഈ വർഗീയശക്തികളുമായി ചങ്ങാത്തത്തിലാണ് ഇന്ന് യു.ഡി.എഫ്.

വർഗീയശക്തികൾക്ക് പങ്കാളിത്തമില്ലാത്ത മതനിരപേക്ഷസംസ്ഥാന സർക്കാരിന് നേതൃത്വം നൽകാൻ കഴിഞ്ഞു എന്നതിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് ചാരിതാർത്ഥ്യമുണ്ട്. അഭിമാനകരങ്ങളായ നേട്ടങ്ങളുമായാണ് നായനാർ സർക്കാർ അഞ്ചുവർഷം പിന്നിടുന്നത്. വർഗീയ സംഘർഷങ്ങളില്ലാത്ത സ്വൈരജീവിതം, നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടഞ്ഞുനിർത്തിയത്, പാർപ്പിടം, വെള്ളം, വെളിച്ചം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങളുടെ ലഭ്യതയിൽ കുതിച്ചുചാട്ടം, വൈദ്യുതി ക്ഷാമത്തിന് പരിഹാരം, വിവരസാങ്കേതികവിദ്യയും, ടൂറിസവും പോലുള്ള മേഖലകൾക്ക് ഭദ്രമായ അടിത്തറ, ജനങ്ങൾക്ക് മുൻകൈയും കൂടുതൽ അധികാരങ്ങളും നൽകുന്ന ജനകീയാസൂത്രണം എന്നിവ ചിലതുമാത്രം. ഈ നേട്ടങ്ങൾ നിലനിർത്തപ്പെടണം. അവ തുറന്ന വഴിത്താരയിലൂടെ ഇനിയും മുന്നോട്ടുപോകാൻ കഴിയണം. അതിന് ഇടതുപക്ഷജനാധിപത്യമുന്നണി വീണ്ടും അധികാരത്തിൽ വന്നേതീരൂ.

320.954 PRA

# II

## ആഗോളവൽക്കരണ സാമ്പത്തികനയങ്ങൾക്കെതിരെ

രാജീവ്ഗാന്ധിയുടെ നേതൃത്വത്തിൽ കോൺഗ്രസ്(ഐ)യായിരുന്നു ഇന്നത്തെ സാമ്പത്തികനയങ്ങൾക്ക് തുടക്കം കുറിച്ചത്. ഈ നയങ്ങളുടെ അനിവാര്യ ഫലമായിരുന്നു 1991 ൽ നരസിംഹറാവുവിന്റെ നേതൃത്വത്തിൽ

നടപ്പാക്കിയ പരിഷ്കാരങ്ങൾ. പ്രതിപക്ഷത്തിരുന്നപ്പോൾ ഈ നയങ്ങളെ കീഴടങ്ങലിന്റെ നയങ്ങളെന്ന് വിമർശിച്ച ബി.ജെ.പിയാകട്ടെ അധികാരത്തിൽ വന്നപ്പോൾ അതേ നയങ്ങൾ പൂർവ്വാധികം ശക്തിയോടെ നടപ്പാക്കുകയാണ്. ഇക്കാര്യത്തിൽ കോൺഗ്രസ് ബി.ജെ.പിയെ ശക്തമായി അനുകൂലിക്കുന്നു. രാജ്യസഭയിൽ ഭൂരിപക്ഷമില്ലാത്ത ബി.ജെ.പി കോൺഗ്രസിന്റെ സജീവ പിന്തുണയോടെയാണ് പുതിയ നയങ്ങൾ നടപ്പാക്കുന്നത്. ഇൻഷൂറൻസ് സ്വകാര്യവൽക്കരണബിൽ, പേറ്റന്റ് ഭേദഗതി ബിൽ എന്നിവ ബിജെപി ഗവർമെണ്ട് പാസാക്കിയത് കോൺഗ്രസ് പിന്തുണയോടെയാണ്. അങ്ങനെ നരസിംഹറാവു- വാജ്പേയി ഗവർമെണ്ടുകളുടെ നേതൃത്വത്തിൽ നടപ്പിലാക്കിയ ആഗോളവൽക്കരണ നയങ്ങൾ പത്തുവർഷം പിന്നിടുമ്പോൾ രാഷ്ട്രം വൻ പ്രതിസന്ധിയെ നേരിടുകയാണ്.

കാർഷികമേഖലയിലെ പ്രതിസന്ധി ഒരു പൊട്ടിത്തെറിയുടെ വക്കിലേക്ക് നീങ്ങുകയാണ്. വ്യാവസായികമേഖല വീണ്ടുമൊരു മാന്ദ്യത്തിലേക്കും തകർച്ചയിലേക്കും വഴുതിവീണു കഴിഞ്ഞുവെന്ന് ഇന്ത്യാസർക്കാർ തന്നെ സമ്മതിക്കുന്നു. തൊഴിലവസര വർധന ഇല്ലാതാകുന്നു. ഉള്ള തൊഴിലുകൾപോലും നഷ്ടമാകുന്നു. ഇവയുടെ ഫലമായി തൊഴിലില്ലായ്മ ഭീതിജനകമായി ഉയരുന്നു. ഏറ്റവും അവസാനത്തെ കണക്കു പ്രകാരം ഇന്ത്യയിൽ ദാരിദ്ര്യരേഖയ്ക്ക് കീഴിലുള്ള കുടുംബങ്ങളുടെ എണ്ണം 42 ശതമാനമായി ഉയർന്നിരിക്കുന്നു.

ആഗോളവൽക്കരണം നടപ്പാക്കി തുടങ്ങിയ കോൺഗ്രസും ഇപ്പോൾ ഊർജിതമായി നടപ്പാക്കിവരുന്ന ബി.ജെപിയും അതിന്റെ മറവിൽ വ്യാപകമായ അഴിമതി നടത്തിയ കാര്യം ഇപ്പോൾ അങ്ങാടിപ്പാട്ടാണ്. നരസിംഹറാവു ഗവൺമെന്റിന്റെ കാലത്ത് ഓഹരി മുതൽ ഹവാലാ വരെ കുംഭകോണങ്ങളുടെ ഒരു പരമ്പര തന്നെ നടന്നു. അവയുമായി ബന്ധപ്പെട്ട ഒട്ടേറെ കേന്ദ്രമന്ത്രിമാർ കേസിൽ പ്രതികളായി. ഇപ്പോൾ ബി.ജെ.പി. നയിക്കുന്ന വാജ്പേയി സർക്കാരിന്റെ അഴിമതികൾ അക്കമിട്ട് തെളിവുസഹിതം പൊതുജനസമക്ഷം ഹാജരാക്കിയിരിക്കുകയാണ് തെഹൽകാഡോട്ട് കോം. ദേശസ്നേഹികളെ ഞെട്ടിപ്പിക്കുന്നതാണ് ഈ വെളിപ്പെടുത്തലുകൾ. ആർ.എസ്.എസും ബി.ജെ.പിയും പല സഖ്യപാർടികളും വൻഅഴിമതിയുടെ ഊരാക്കുടുക്കിൽ കുരുങ്ങിക്കഴിഞ്ഞു. എന്നുമാത്രമല്ല, ദേശരക്ഷതന്നെ അപകടപ്പെടുത്തിയിരിക്കുകയാണ് ഇവർ. ബഹുരാഷ്ട്ര കുത്തകകൾ രാജ്യത്തെ കട്ടുമുടിക്കുന്നതിന്റെ ഭാഗംകൂടിയാണ് ഈ അഴിമതി പരമ്പര.

ഇന്ത്യയിൽ സാമ്പത്തികപരിഷ്കാരങ്ങൾ നടപ്പാക്കി തുടങ്ങുമ്പോൾ ഒരുഡോളറിന്റെ വില 1991ൽ 18 രൂപയായിരുന്നത് ഇപ്പോൾ 47 രൂപയായി ഉയർന്നു. എന്നിട്ടും കയറ്റുമതിയെ അപേക്ഷിച്ച് ഇറക്കുമതി പെരുകിക്കൊണ്ടിരിക്കുന്നു. കടം കിട്ടുന്നതുകൊണ്ടും വിദേശത്ത് നിന്ന് താൽക്കാലികമായി പണം ആകർഷിക്കാൻ കഴിയുന്നതുകൊണ്ടുമാണ് വിദേശനാണയ പ്രതിസന്ധി ഒഴിവാക്കാനാവുന്നത്. വിദേശമൂലധനത്തെ ആകർഷിക്കുന്നതിനുവേണ്ടി പൊതുമേഖലയും, ബാങ്കും, ഇൻഷൂറൻസും

എല്ലാം തുച്ഛവിലയ്ക്ക് കേന്ദ്രസർക്കാർ തീറെഴുതിക്കൊണ്ടിരിക്കുകയാണ്. പൊതുമേഖലയുടെ സമ്പൂർണ്ണമായ സ്വകാര്യവൽക്കരണമാണ് കേന്ദ്ര സർക്കാരിന്റെ ലക്ഷ്യം.

മുകളിൽ വിവരിച്ചവയാണ് പത്തുവർഷത്തെ ആഗോളവൽക്കരണത്തിന്റെ നീക്കിബാക്കി. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചാണെങ്കിൽ കഴിഞ്ഞ പത്തുവർഷം അഗ്നിപരീക്ഷ തന്നെയായിരുന്നു. ആഗോളവൽക്കരണത്തിന്റെ കെടുതികൾ മറ്റേത് സംസ്ഥാനത്തെക്കാളും കൂടുതൽ തീക്ഷ്ണമായി ബാധിച്ചിട്ടുള്ളത് നമ്മുടെ സംസ്ഥാനത്തെയാണ്. ഇതിന്റെ ചില ഉദാഹരഹണങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

1. റബ്ബർ, തേങ്ങ, തേയില, കാപ്പി, കുരുമുളക്, അടയ്ക്ക തുടങ്ങിയ വാണിജ്യവിളകളുടെ വിലകൾ കുത്തനെ ഇടിഞ്ഞിരിക്കുന്നു. പുത്തൻ സാമ്പത്തിക നയങ്ങളുടെ ഭാഗമായി നടപ്പാക്കിയ ഇറക്കുമതി ഉദാരവൽക്കരണ നയങ്ങളുടെ ഭാഗമായി, വിവേചന രഹിതമായി ഇറക്കുമതി തീരുവ വെട്ടിക്കുറച്ചതിനെ തുടർന്ന് ഇറക്കുമതി വൻതോതിൽ വർദ്ധിക്കുകയുണ്ടായി. ഇതിനെ തുടർന്നാണ് നാണ്യവിളകളുടെ വിലവൻതോതിൽ ഇടിഞ്ഞത്. ആഗോളകമ്പോളത്തിലെ ഗതിവിഗതികളനുസരിച്ച് കാർഷികവിലകൾ ചാഞ്ചാടുന്നു. പല വിളകൾക്കും കിട്ടുന്നവില കൂലിച്ചെലവിന് പോലും തികയുന്നില്ലെന്നതാണ് സ്ഥിതി ഈ വിലയിടിവ് മൂലം കേരളത്തിലെ കൃഷിക്കാർക്ക് പ്രതിവർഷം 6000 കോടി രൂപയുടെ ധനനഷ്ടം ഉണ്ടാകുന്നു എന്നാണ് മതിപ്പുകണക്ക്.
2. വ്യാവസായികമേഖലയിലും പ്രതിസന്ധി രൂക്ഷമാണ്. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളായ ഫാക്ട്, എച്ച്.എം.ടി, ഷിപ്പ്യാർഡ്, കെ.എം.എം.എൽ, ട്രാവൻകൂർ ടൈറ്റാനിയം തുടങ്ങിയ സ്ഥാപനങ്ങൾ തലതിരിഞ്ഞ സാമ്പത്തിക നയങ്ങളുടെ ഭാഗമായി വൻതകർച്ചയിലേക്ക് നീങ്ങുകയാണ്. നമ്മുടെ സംസ്ഥാനത്തെ മറ്റ് പല രാസവ്യവസായങ്ങളും എഞ്ചിനീയറിംഗ് വ്യവസായങ്ങളും ഇറക്കുമതി ഭീഷണിയുടെ നിഴലിലാണ്. 2001 ഏപ്രിൽ മുതൽ ഇറക്കുമതിയിന്മേലുള്ള എല്ലാവിധ നിയന്ത്രണവും കേന്ദ്രഗവർമെണ്ട് എടുത്തു കളയുകയാണ്. ഉപാധിരഹിതമായ ഈ ഇറക്കുമതി നയം ആഭ്യന്തര കമ്പോളത്തിലേക്ക് വിദേശ ഉൽപ്പന്നങ്ങളുടെ വൻതോതിലുള്ള കടന്നുകയറ്റത്തിന് ഇടയാക്കും. നമ്മുടെ കാർഷികവ്യാവസായിക രംഗമാകെ സമ്പൂർണ്ണ തകർച്ചയിലേക്ക് തള്ളിനീക്കാനാണ് ഇത് ഇടവരുത്തുക.
3. ലോകത്തിനാകെ മാതൃകയായിരുന്ന കേരളത്തിലെ പൊതുവിതരണ സമ്പ്രദായത്തെ പുത്തൻസാമ്പത്തിക നയങ്ങൾ തകർത്തിരിക്കുന്നു. റേഷൻ ഉൽപന്നങ്ങളുടെ വിലകുത്തനെ ഉയർത്തിയത് മൂലം കമ്പോളവിലയുമായി അതിന് വലിയ വ്യത്യാസമില്ലെന്ന നിലവന്നിരിക്കുന്നു. ഏകദേശം 4 കോടി ടൺ ഭക്ഷ്യധാന്യം ധാന്യപ്പുരകളിൽ കിടന്ന് നശിച്ചില്ലാതാകുമ്പോഴാണ് ഭക്ഷ്യധാന്യങ്ങളുടെ

വില കുത്തനെ ഉയർത്തിയത്. ഇതുവഴി ഭക്ഷ്യകമ്മി സംസ്ഥാനമായ കേരളത്തിന്റെ ഭക്ഷ്യസുരക്ഷിതത്വം അപ്പാടെ അപകടപ്പെടുന്ന സ്ഥിതി സംജാതമായിരിക്കുന്നു.

4. പുതിയ നയങ്ങളുടെ ഫലമായി കേരളത്തോടുള്ള കേന്ദ്ര അവഗണന പതിന്മടങ്ങ് വർധിച്ചിരിക്കുകയാണ്. കേന്ദ്രപൊതുമേഖലാ നിക്ഷേപത്തിന്റെ 1.6 ശതമാനം മാത്രമേ ഇന്ന് കേരളത്തിന് ലഭിക്കുന്നുള്ളൂ. ഇവിടെ നിന്ന് ബാങ്കുകൾ സമാഹരിക്കുന്ന നിക്ഷേപത്തിന്റെ 42 ശതമാനം മാത്രമേ ഈ സംസ്ഥാനത്തുതന്നെ ബാങ്കുകൾ വായ്പയായി നൽകുന്നുള്ളൂ. സന്തുലിത വികസനമെന്ന കാഴ്ചപ്പാട് തന്നെ കേന്ദ്രസർക്കാർ ഉപേക്ഷിച്ചിരിക്കുകയാണ്.

5. പുത്തൻ സാമ്പത്തിക പരിഷ്കാരങ്ങൾ സംസ്ഥാനസർക്കാരുകളുടെ ധന പ്രതിസന്ധിയെ പതിന്മടങ്ങ് മൂർഛിപ്പിച്ചിരിക്കുന്നു. ചില സംസ്ഥാനങ്ങളിൽ ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്നതിന് പോലും മാസങ്ങളായി സർക്കാരുകൾക്ക് കഴിയുന്നില്ല. കേന്ദ്ര–സംസ്ഥാന ബന്ധങ്ങളെ പുന:രാവിഷ്കരിക്കുന്നതിന് കേന്ദ്ര ഭരണാധികാരികൾ തയ്യാറല്ല. സാമ്പത്തിക അച്ചടക്കത്തിന്റെ പേരിൽ സംസ്ഥാനങ്ങൾക്ക് നല്കുന്ന ധനസഹായം കുറവുചെയ്യുകയും അവയുടെ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയുമാണ് കേന്ദ്ര സർക്കാർ ചെയ്യുന്നത്. 11–ാം ധനകാര്യകമ്മീഷൻ ഏറ്റവും നീചമായ വിവേചനമാണ് കേരളത്തോട് കാണിച്ചത്. 2000–2005 കാലയളവിൽ 3664 കോടി രൂപയാണ് ഇതുമൂലം കേരളത്തിന് നഷ്ടമാകുന്നത്. അതായത് 2001–02 വർഷത്തിൽ മാത്രം ഇതുമൂലം ഉണ്ടാകാൻ പോകുന്നത് 733 കോടി രൂപയുടെ നഷ്ടമായിരിക്കും. ധനകാര്യകമ്മീഷൻ നിർദ്ദേശിച്ചിരിക്കുന്ന പുതിയ നിബന്ധനകൾ സംസ്ഥാനങ്ങളുടെ അവകാശങ്ങളുടെമേലുള്ള നഗ്നമായ കയ്യേറ്റമാണ്.

ഇപ്രകാരം കേരളത്തെ മുച്ചൂടുംമുടിക്കുന്ന ഈ സാമ്പത്തിക നയങ്ങളുടെ ഉത്തരവാദിത്വം യു.ഡി.എഫ് ഏറ്റെടുത്തേ മതിയാകൂ. കാരണം ഈ നയങ്ങൾ തുടങ്ങിവെച്ചത് കോൺഗ്രസാണ്. ഇപ്പോഴും ഈ നയങ്ങളെ പിന്താങ്ങുകയാണ് അവർ. ഈ പരിഷ്കാരങ്ങൾ തുടങ്ങിയകാലത്ത് റബ്ബറിനും, കാപ്പിക്കും മറ്റും അന്തർദേശീയ കമ്പോളത്തിൽ യാദൃച്ഛികമായി ഉണ്ടായ വിലവർദ്ധനവിന്റെ അടിസ്ഥാനത്തിൽ ഈ നയങ്ങളാകെ കേരളത്തിന് ഏറ്റവും പ്രയോജനം ചെയ്യുമെന്ന് പ്രചരിപ്പിച്ചവരാണ് യു.ഡി.എഫ് നേതാക്കൾ. ഇവർ തന്നെ ഇന്ന് പ്രതിസന്ധിക്ക് കാരണം എൽ.ഡി.എഫ് സർക്കാരാണെന്ന് വരുത്താൻ ശ്രമിക്കുന്നു. ഒരുവശത്ത് ഇറക്കുമതിമൂലം കാർഷികോൽപ്പന്നങ്ങളുടെ വിലയിടിക്കുക, മറുവശത്ത് സംസ്ഥാനസർക്കാരിന് സാമ്പത്തിക കൂച്ചുവിലങ്ങിട്ട ശേഷം, തങ്ങളുണ്ടാക്കിയ നഷ്ടത്തിൽ നിന്നു കൃഷിക്കാരെ രക്ഷിക്കാൻ സംസ്ഥാനഖജനാവിൽ നിന്ന് സബ്സിഡി നൽകണമെന്ന് പറയുക. ഈ കള്ളക്കളി കേരളത്തിലെ ജനങ്ങൾ തിരിച്ചറിയുമെന്ന് ഇടതുപക്ഷ ജനാധിപത്യമുന്നണിയ്ക്ക് ഉറപ്പുണ്ട്.

പുതിയ സാമ്പത്തിക നയങ്ങൾക്കെതിരെ കേരളത്തിലെ മുഴുവൻ ജനങ്ങളെയും ഒന്നിച്ചണിനിരത്തേണ്ടതുണ്ട്. ഇത്തരം ഒരു ജനകീയ പ്രതിരോധത്തിന് മാത്രമേ നമ്മുടെ കൃഷിക്കാർക്ക് കേന്ദ്രസർക്കാരിൽ നിന്ന് ഏന്തെങ്കിലും ആശ്വാസം നേടിക്കൊടുക്കാനാവൂ. ലോകവ്യാപാരകരാറിലെ ജനദ്രോഹകരമായ വ്യവസ്ഥകൾ പുനരവലോകനം ചെയ്യിക്കുന്നതിനും ഇതാവശ്യമാണ്. യു.ഡി.എഫ് നേതാക്കളാകട്ടെ, ആഗോളവൽക്കരണത്തെ അന്ധമായി എതിർക്കാൻ പാടില്ലെന്നും അതിന്റെ സാധ്യതകളെ പ്രയോജനപ്പെടുത്തണമെന്നും പറഞ്ഞ് ഇപ്പോഴും ജനങ്ങളെയാകെ കബളിപ്പിക്കുകയാണ്.

മുകളിൽ പറഞ്ഞതിനർത്ഥം ആഗോളവൽക്കരണ നയങ്ങളെ എതിർത്ത് തോൽപ്പിച്ചതിന് ശേഷമേ കേരളവികസനത്തിനായി എന്തെങ്കിലും ചെയ്യാൻ കഴിയൂ എന്നല്ല. നമ്മളെ മുടിച്ചു കൊണ്ടിരിക്കുന്ന ആഗോള വൽക്കരണനയങ്ങളെ ശക്തിയായി ചെറുക്കുന്നതിനോടൊപ്പം തന്നെ ഇന്നുള്ള സാധ്യതകൾ, അവ എത്രപരിമിതമാണെങ്കിൽ പോലും, പ്രയോജന പ്പെടുത്തണമെന്ന കാഴ്ചപ്പാടാണ് ഇടതുപക്ഷജനാധിപത്യ മുന്നണിക്കുള്ളത്. ആഗോളവൽക്കരണത്തെ നിയന്ത്രിക്കുന്ന വിദേശകുത്തകകളോടും സാമ്രാജ്യത്വശക്തികളോടും അവയ്ക്ക് കീഴടങ്ങുന്ന കോൺഗ്രസ്–ബി.ജെ.പി നയങ്ങളോടും ആണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് എതിർപ്പ്. അവയെ എതിർക്കുമ്പോൾ തന്നെ പുതിയ ശാസ്ത്രസാങ്കേതികവിദ്യകളുടെ സാധ്യതകളെ നാടിന്റെ നന്മക്കായി പരമാവധി പ്രയോജനപ്പെടുത്തണമെന്നതാണ് നിലപാട്. ഇത്തരമൊരു കാഴ്ചപ്പാടോടെയാണ് കഴിഞ്ഞ അഞ്ചുവർഷക്കാലം ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ കേരളം ഭരിച്ചത്; ഇന്നിപ്പോൾ ജനവിധി വീണ്ടും തേടുന്നതും.

# III

# വർഗീയതക്കെതിരെ

പല ഭാഷക്കാരും വ്യത്യസ്ത മതവിശ്വാസികളും സംസ്കാര വൈവിധ്യങ്ങളുള്ള ജനങ്ങൾ അധിവസിക്കുന്ന നമ്മുടെ രാജ്യത്ത് ഐക്യവും സമാധാനവും പുലരണമെങ്കിൽ ഈ എല്ലാ വിഭാഗങ്ങളേയും സമഭാവനയോടെ

വീക്ഷിക്കുന്ന നയംവേണം. ഇത്തരമൊരു നയമല്ല, വർഗീയശക്തികളോട് ഒത്തുതീർപ്പിന്റെ നയമാണ് കോൺഗ്രസ് പുലർത്തിപോരുന്നത്. ഈ അവസരവാദ സമീപനമാണ് വർഗീയതയ്ക്ക് വളക്കൂറുള്ള മണ്ണ് സൃഷ്ടിക്കുന്നത്.

വാജ്പേയി സർക്കാരിന്റെ സ്ഥാനാരോഹണത്തോടെ നമ്മുടെ രാജ്യത്തിന്റെ മതനിരപേക്ഷസ്വഭാവത്തിനും ഐക്യത്തിനും നേരെയുള്ള വർഗീയതയുടെ ഭീഷണി പതിൻമടങ്ങ് വർദ്ധിച്ചിരിക്കുകയാണ്. അധികാരത്തിലേറുന്നതിനുവേണ്ടിയാണ് ബാബറി മസ്ജിത് പ്രശ്നം ബി.ജെ.പി.കുത്തിപ്പൊക്കിയത്. രാജീവ്ഗാന്ധിയുടെ സർക്കാർ തർക്കസ്ഥലത്ത് ശിലാന്യാസം നടത്താൻ അനുവദിച്ചുകൊണ്ട് വർഗീയവികാരത്തെ പ്രീണിപ്പിച്ചു. ഇടതുപക്ഷ പിന്തുണയോടെ അധികാരത്തിൽവന്ന വി.പി.സിംഗ് സർക്കാർ ബിജെപിയുടെ രഥയാത്രാ നേതാക്കളെ അറസ്റ്റു ചെയ്തു പള്ളി പൊളിക്കുന്നത് തടയാനുള്ള തന്റേടം കാണിച്ചു. പിന്നീട് വന്ന നരസിംഹറാവു സർക്കാരാവട്ടെ പള്ളി പൊളിക്കുന്നതിനുള്ള ഒത്താശ ചെയ്തുകൊടുത്തു എന്ന് ഇന്ന് അസന്നിഗ്ധമായി തെളിഞ്ഞിരിക്കുന്നു. ഹിന്ദുമതഭ്രാന്തിളക്കിവിട്ടിട്ടുപോലും 1998 ൽ നാലിലൊന്ന് വോട്ട് മാത്രമേ ബി.ജെ.പി.ക്ക് ലഭിച്ചുള്ളൂ. അധികാരം നിലനിർത്താൻ മറ്റുള്ളവരുടെ സഹായം വേണമെന്നതിനാൽ തങ്ങളുടെ വർഗീയ നിലപാട് തെല്ലൊന്ന് മറച്ചുപിടിക്കാൻ പിന്നീട് അവർ നിർബന്ധിതരായി.

ഹിന്ദുരാഷ്ട്രസ്ഥാപനവും ന്യൂനപക്ഷവിരുദ്ധ വർഗീയ ആക്രമണങ്ങളും പരിപാടിയായുള്ള ബി.ജെ.പിയുമായി സഖ്യം ചേരുന്നതിനാണ് കേരളത്തിലെ യു.ഡി.എഫ് ശ്രമിക്കുന്നത്. ദേശീയ ഭരണകക്ഷിയായ ബി.ജെ.പിയോട് തൊട്ടുകൂടായ്മയില്ലെന്ന് യു.ഡി.എഫ് നേതാക്കൾ തന്നെ പ്രസ്താവിച്ചിട്ടുള്ളതാണ്. അങ്ങനെ യു.ഡി.എഫ് നേതാക്കൾ ആർ.എസ്.എസിനും ബി.ജെ.പിക്കും കേരള സമൂഹത്തിൽ മാന്യത സൃഷ്ടിച്ചുകൊടുക്കാൻ ശ്രമിക്കുകയാണ്. ബാബറി മസ്ജിദ് തകർത്തത് ദേശീയവികാരപ്രകടനമാണെന്ന പ്രധാനമന്ത്രി വാജ്പേയിയുടെ പ്രസ്താവന ബി.ജെ.പിയുടെ അജണ്ടയിൽ മാറ്റമൊന്നുമില്ലെന്ന് അസന്ദിഗ്ദ്ധമായി തെളിയിച്ചു കഴിഞ്ഞിരിക്കുന്നു. പള്ളിയിരുന്ന സ്ഥലത്ത് തന്നെ ക്ഷേത്രം പണിയുമെന്ന് സംഘപരിവാർ വ്യക്തമാക്കി കഴിഞ്ഞു. കേരളത്തിൽ വന്ന ആർ.എസ്.എസ്. മേധാവി ക്രിസ്ത്യൻമുസ്ലീം ന്യൂനപക്ഷങ്ങൾ ഹൈന്ദവ പൈതൃകം അംഗീകരിക്കണമെന്നും വിദേശ ബന്ധം ഉപേക്ഷിക്കണമെന്നും ഭാരതവൽക്കരിക്കണമെന്നും ആവശ്യപ്പെട്ടു. മുസ്ലീങ്ങളുടെ വോട്ടവകാശം റദ്ദാക്കണമെന്നാണ് ബാൽതാക്കറെ പറയുന്നത്. താക്കറെയുടെ ആവശ്യത്തെ വി.എച്ച്.പിയും പിന്താങ്ങിയിരിക്കയാണ്. ഇതിനെതിരെ പ്രതിഷേധ ശബ്ദമുയർത്താൻ പോലും കോൺഗ്രസ് തയ്യാറായിട്ടില്ല.

ആർ.എസ്.എസിന്റെ കടന്നാക്രമണങ്ങൾ ഇത്തരം പ്രസ്താവനകളിൽ ഒതുങ്ങുന്നില്ല. മുസ്ലീം മതന്യൂനപക്ഷങ്ങൾക്കെതിരെയും ക്രിസ്ത്യൻ പള്ളികൾക്കും, പുരോഹിതന്മാർക്കും, കന്യാസ്ത്രീകൾക്കുമെതിരെയും പൈശാചികമായ ആക്രമണമാണ് ആർ.എസ്.എസ്. നടത്തിക്കൊണ്ടിക്കുന്നത്.

കോൺഗ്രസ്(ഐ) ഭരിക്കുന്ന സംസ്ഥാനങ്ങളിലാണ് ഏറ്റവും രൂക്ഷമായ ഇത്തരം അക്രമണങ്ങൾ നടക്കുന്നത് എന്നതും എടുത്തുപറയേണ്ടകാര്യമാണ്.

ഇന്ത്യൻ ഭരണയന്ത്രവും വൈഞ്ജാനിക സംവിധാനവുമെല്ലാം ഹിന്ദുവർഗീയ ഫാസിസ്റ്റുകളുടെ വരുതിയിൽ കൊണ്ടുവരുന്നതിനുള്ള ഗൂഢപദ്ധതി ആർ.എസ്.എസ്. ആസൂത്രിതമായി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഈ ലക്ഷ്യത്തോടെ ഭരണഘടനാഭേദഗതിക്കും ഇവർ ശ്രമിക്കുന്നു. സ്കൂൾ മുതൽ തന്നെ വർഗീയതയുടെ വിഷലിപ്തമായ കാഴ്ചപ്പാട് കുത്തിവയ്ക്കുന്നതിനുള്ള വിദ്യാഭ്യാസപരിഷ്കാരങ്ങളാണ് നടപ്പാക്കപ്പെടുന്നത്. വൈഞ്ജാനിക സ്ഥാപനങ്ങളെയും സംഘടനകളെയും തങ്ങളുടെ പിടിയിലൊതുക്കുകയാണ് ആർ.എസ്.എസ്. ഭരണഘടനയുടെ അന്ത:സത്തയ്ക്കെതിരെ അവർ ദേഭഗതികൾ കൊണ്ടുവരുന്നതിനെ നമ്മുടെ രാഷ്ട്രപതിക്ക് പോലും പരസ്യമായി അപലപിക്കേണ്ട നിലവന്നുകഴിഞ്ഞു.

അത്യന്തം അപകടകരമായ ഈ ദേശീയ പശ്ചാത്തലത്തിലാണ് ബി.ജെ.പിയുമായുള്ള യു.ഡി.എഫിന്റെ അവിശുദ്ധബന്ധത്തെ വിലയിരുത്തേണ്ടത്. കേരളത്തിലെ സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങളുടെ പുരോഗമന സ്വാധീനവും ഇടതുപക്ഷപ്രസ്ഥാനങ്ങളുടെ വിട്ടുവീഴ്ചയില്ലാത്ത നിലപാടും മൂലമാണ് ഹിന്ദുവർഗീയ ഫാസിസ്റ്റുകൾക്ക് കേരളത്തിൽ വേരുറപ്പിക്കാൻ കഴിയാത്തത്. എന്നാൽ ഇടതുപക്ഷവിരുദ്ധ തിമിരം ബാധിച്ച യു.ഡി.എഫ് നേതാക്കൾ കേരളത്തിലെ മതന്യൂനപക്ഷങ്ങളെ ബി.ജെ.പിക്ക് അടിയറവയ്ക്കാൻ തയ്യാറെടുക്കുകയാണ്. കേരളത്തിലെ പ്രബുദ്ധരായ ജനങ്ങൾ യു.ഡി.എഫ് നടത്തുന്ന രാഷ്ട്രീയ ചൂതാട്ടത്തിലെ അപകടം മനസ്സിലാക്കി പ്രതികരിക്കുമെന്നും ഇടതുപക്ഷജനാധിപത്യമുന്നണിക്ക് ഉറപ്പുണ്ട്.

## IV

# അഞ്ചുവർഷത്തെ ഭരണനേട്ടങ്ങൾ

ആഗോളവൽക്കരണത്തിന്റെ ഏറ്റവും പ്രതികൂലമായ സാഹചര്യം നിലനിന്നിട്ടും അഞ്ചുവർഷം മുമ്പ് ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ വലിയൊരളവ് വരെ പാലിക്കാൻ കഴിഞ്ഞുവെന്ന അഭിമാനത്തോടെയാണ് ഇടതുപക്ഷജനാധിപത്യമുന്നണി ഈ തെരഞ്ഞെടുപ്പിൽ ജനങ്ങളെ വീണ്ടും

സമീപിക്കുന്നത്. കേരളത്തിന്റെ ഭാവിവളർച്ചയ്ക്ക് സുപ്രധാനമായ ചില പുതിയ മേഖലകൾക്ക് അടിത്തറയിടാൻ കഴിഞ്ഞെന്ന ചാരിതാർത്ഥ്യവും, ഇടതുപക്ഷജനാധിപത്യമുന്നണിക്കുണ്ട്.

ഇവയിലേറ്റവും പ്രധാനപ്പെട്ടത് അധികാരവികേന്ദ്രീകരണമാണ്. ഇക്കാര്യത്തിൽ ഇന്ത്യയിൽ പിന്നോക്കം നിന്ന സംസ്ഥാനങ്ങളിലൊന്നായ കേരളത്തെ ജനകീയാസൂത്രണത്തിലൂടെ രാഷ്ട്രത്തിനാകെ മാതൃകയാക്കി മാറ്റാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവർമെണ്ടിന് കഴിഞ്ഞു. കേരള സംസ്ഥാന രൂപീകരണത്തിനും ഭൂപരിഷ്കരണത്തിനും ശേഷം കേരളത്തിൽ നടപ്പാക്കപ്പെട്ട ഏറ്റവും അടിസ്ഥാനപരമായ പരിഷ്കാരമാണ് ജനകീയാസൂത്രണം. അധികാരം ജനങ്ങളിലേക്ക് എത്തിക്കുന്നതിനുള്ള ഒരു പ്രധാന കാൽവെപ്പായി ഇത് ലോകമെങ്ങും അംഗീകരിക്കപ്പെടുന്നു.

യു.ഡി.എഫ് ഭരണകാലത്ത് ശരാശരി 20 കോടിരൂപ പ്രതിവർഷം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് നൽകിയിരുന്ന സ്ഥാനത്ത് പ്രതിവർഷം ശരാശരി 1000 ത്തിൽ പരം കോടിരൂപയാണ് എൽ.ഡി.എഫ് സർക്കാർ ജനകീയാസൂത്രണത്തിലൂടെ നൽകിയത്. ഈ തുക ചെലവഴിക്കുന്നതിന് ജനങ്ങളുടെ മുൻകയ്യോടെ പദ്ധതിയുണ്ടാക്കാൻ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളെ പ്രാപ്തരാക്കി. ഇന്ത്യാരാജ്യം കണ്ടിട്ടുള്ളതിൽവെച്ച് ഏറ്റവും വിപുലമായ അനൗപചാരിക ബഹുജനവിദ്യാഭ്യാസ പരിപാടിയാണ് കഴിഞ്ഞ 5 വർഷമായി കേരളത്തിൽ നടന്നത്. യു.ഡി.എഫ് പാസാക്കിയിരുന്ന നിയമങ്ങളിലെ ജനാധിപത്യവിരുദ്ധ വ്യവസ്ഥകൾ ഡോ. സത്യബ്രത സെൻ കമ്മിറ്റി നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നീക്കി നിയമങ്ങളും, ചട്ടങ്ങളും സമഗ്രമായി ഭേഗഗതി ചെയ്തു. ഉദ്യോഗസ്ഥ പുനർവിന്യാസം നടന്നുവരുന്നു.

താഴെതട്ടിലുള്ള ജനങ്ങളുടെ സാമൂഹ്യജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിൽ ജനകീയാസൂത്രണം വിജയിച്ചു. ആഗോളവൽക്കരണനയത്തിന്റെ പ്രത്യാഘാതങ്ങളിൽ നിന്നും രക്ഷ നേടുന്നതിനുള്ള ബദൽനയം എന്ന നിലയിൽ ഇത് വലിയൊരളവിൽ ഉപകാരപ്രദമായിരുന്നു. സാധാരണ പൗരന്മാർക്ക് ദൈനംദിന ഭരണത്തിലിടപെടുന്നതിനായി ഗ്രാമസഭകളും അയൽക്കൂട്ടങ്ങളും കർമ്മസമിതികളും പോലുള്ള വേദികൾ സൃഷ്ടിച്ചു. പ്രാതിനിധ്യ ജനാധിപത്യത്തിന്റെ പരിധികൾക്കപ്പുറത്തേക്ക് നമ്മുടെ ജനാധിപത്യസംവിധാനത്തെ കൊണ്ടുപോകുന്നതിൽ ജനകീയാസൂത്രണം വിജയിച്ചു. രാഷ്ട്രപതിയുടെ കഴിഞ്ഞവർഷത്തെ സ്വാതന്ത്ര്യദിന സന്ദേശത്തിൽ കേരളത്തിന്റെ ഈ മാതൃക സ്ഥാനംപിടിച്ചുവെന്നത് നമുക്കേവർക്കും അഭിമാനകരമാണ്. ജനകീയാസൂത്രണം കേവലമൊരു ഭരണപരിഷ്കാരമല്ല. പുതിയൊരു വികസനസംസ്കാരത്തിനായുള്ള കേരളജനതയുടെ അഭിവാഞ്ഛയുടെ പ്രതീകമാണ്.

ഭാവിവികസനത്തിന് ഏറ്റവും സുപ്രധാനമായ ഘടകങ്ങളിലൊന്ന് പശ്ചാത്തല സൗകര്യങ്ങളാണ്. കേരളത്തിലെ പശ്ചാത്തലസൗകര്യ പ്രതിസന്ധി പരിഹരിക്കുന്നതിന് നിർണായകമായ നടപടികളെടുക്കുന്നതിന്

ഇടതുപക്ഷജനാധിപത്യമുന്നണി സർക്കാരിന് കഴിഞ്ഞു. ഇതിൽ ഏറ്റവും പ്രധാനം കേരളത്തെ ഒരു വൈദ്യുതിമിച്ച സംസ്ഥാനമാക്കി മാറ്റാൻ കഴിഞ്ഞുവെന്നതാണ്. യു.ഡി.എഫ് ഭരണകാലത്ത് കേവലം 17 മെഗാവാട്ട് വൈദ്യുതിയാണ് അധികമായി ഉൽപാദിപ്പിച്ചതെങ്കിൽ 1996 ന് ശേഷമുള്ള എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് 1086 മെഗാവാട്ട് വൈദ്യുതി കൂടുതലായി ഉൽപാദിപ്പിച്ചു. വൈദ്യുതി ഉൽപാദനവർധനയിൽ ഒരു സർവ്വകാല റെക്കോർഡാണിത്. 9-ാം പദ്ധതിക്കാലത്ത് ഇന്ത്യയിൽ ഒട്ടാകെ 18 ശതമാനമാണ് ഊർജോൽപാദനവർധനയെങ്കിൽ, കേരളത്തിലേത് 72 ശതമാനമാണ്. പണി നടന്നുവന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിനും പുതിയവ ഏറ്റെടുക്കുന്നതിനും നിശ്ചയദാർഢ്യത്തോടെ എടുത്ത നടപടികളുടെ ഫല മാണിത്. കായംകുളമടക്കമുള്ള താപനിലയങ്ങളും 5 ജലവൈദ്യുതപദ്ധതികളും യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിച്ചു. ഇതിന്റെ ഫലമായി പവർകട്ടും ലോഡ്ഷെഡിംഗും അവസാനിപ്പിക്കാൻ കഴിഞ്ഞു. 8 ലക്ഷത്തിലേറെ ഗാർഹിക ഉപഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ നൽകി. വിലകൂടിയ താപവൈദ്യുതിയെ ആശ്രയിക്കേണ്ടിവന്നിട്ടും ദക്ഷിണേന്ത്യയിൽ ഏറ്റവും കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകുന്ന സംസ്ഥാനം കേരളമാണ്.

ടൂറിസം വികസനമാണ് ഉജ്വലമായ മുന്നേറ്റമുണ്ടായ മറ്റൊരു മേഖല. ലോകത്തിലെ തന്നെ ഏറ്റവും സുപ്രധാനമായ 50 വിനോദസഞ്ചാരകേന്ദ്രങ്ങളിൽ ഒന്നായി കേരളം നാഷണൽ ജോഗ്രഫിക്ക് മാസികയുടെ അംഗീകാരം നേടിയത് വലിയൊരു വഴിത്തിരിവാണ്. ടൂറിസം രംഗത്തെ ഏറ്റവും മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവെച്ച സംസ്ഥാന ഗവൺമെന്റിനുള്ള അവാർഡ് കഴിഞ്ഞ രണ്ടുവർഷങ്ങളിലും കേരളത്തിനാണ് ലഭിച്ചത്. കഴിഞ്ഞ അഞ്ചുവർഷക്കാലത്ത് ടൂറിസ്റ്റുകളുടെ വരവിൽ അഭൂതപൂർവ്വമായ വർദ്ധനയുണ്ടായി. ഏതാണ്ട് 1000 കോടി രൂപയുടെ മുതൽമുടക്കുള്ള വികസനപ്രവർത്തനങ്ങളാണ് കഴിഞ്ഞ അഞ്ചുവർഷങ്ങൾകൊണ്ട് ഈ മേഖലയിൽ നടപ്പാക്കപ്പെട്ടത്. കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ 2.54 ലക്ഷം പേർക്ക് നേരിട്ടും 11.5 ലക്ഷം പേർക്ക് പരോക്ഷമായും തൊഴിൽ നൽകുന്നതിന് ടൂറിസം മേഖലയ്ക്ക് കഴിഞ്ഞു.

വിവരസാങ്കേതികമേഖലയിലെ സാധ്യതകൾ കണക്കിലെടുത്ത് ഒരു പുതിയ വകുപ്പ് മുഖ്യമന്ത്രിയുടെ കീഴിൽ രൂപീകരിച്ചു. കേരളം മുഴുവൻ ഫൈബർ ഒപ്ടിക്കൽ ശൃംഖല വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനം ത്വരിതഗതിയിൽ നടന്നുവരികയാണ്. എല്ലാ താലൂക്ക് ആസ്ഥാനങ്ങൾ തമ്മിലും ഫൈബർ ഒപ്ടിക്കൽ ബന്ധം സ്ഥാപിക്കുന്നതിന് ഇതിനകം കഴിഞ്ഞിട്ടുണ്ട്. ഈ നേട്ടം കൈവരിച്ച ഇന്ത്യയിലെ ഏക സംസ്ഥാനം കേരളമാണ്. സമുദ്രത്തിനടിയിലൂടെയുള്ള വിവരവിനിമയശൃംഖലയിൽ ഇന്ത്യയിലേക്കുള്ള വാതിൽ കൊച്ചിവഴിയാണ്. ഇത് സംസ്ഥാനത്തിന് വമ്പിച്ച സാധ്യതകൾ തുറക്കാൻ പോകുന്ന ഒന്നാണ്. തിരുവനന്തപുരം ടെക്നോപാർക്ക് ഏഷ്യയിൽ ഏറ്റവും മികച്ചതാണ്. ടെക്നോപാർക്കിലെ

സൗകര്യശേഷിയിലും, പ്രവർത്തിക്കുന്ന കമ്പനികളുടെ എണ്ണത്തിലും, ഉൽപാദനത്തിലും യു.ഡി.എഫ് സർക്കാരിനെ അപേക്ഷിച്ച് ഒരു കുതിച്ചുചാട്ടം കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനിടയിലുണ്ടായി. ടെക്നോപാർക്കിൽ വിവരവിനിമയ സാങ്കേതികവിദ്യയിൽ അന്താരാഷ്ട്രനിലവാരമുള്ള ഒരു ഇൻസ്റ്റിറ്റ്യൂട്ട് ഉദ്ഘാടനം ചെയ്യപ്പെട്ടു. ഭരണ കംപ്യൂട്ടറൈസേഷന്റെ ഭാഗമായി ജില്ലകളിൽ 'ജനസേവന കേന്ദ്രങ്ങൾ' സ്ഥാപിച്ചുവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കംപ്യൂട്ടറൈസേഷന് ഒരു പ്രത്യേക മിഷൻ രൂപീകരിച്ചു പ്രവർത്തിച്ചുവരികയാണ്.

ഏത് മേഖലയെടുത്താലും മുൻ യു.ഡി.എഫ് ഭരണകാലത്തെ നിഷ്പ്രഭമാക്കുന്ന ഭൗതികനേട്ടങ്ങളാണ് കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനിടയിൽ ഇടതുപക്ഷജനാധിപത്യമുന്നണി സർക്കാരിന് നേടാൻ കഴിഞ്ഞിട്ടുള്ളത്. ഇക്കഴിഞ്ഞ 5 വർഷത്തിനിടയിൽ 6.5 ലക്ഷത്തോളം വീടുകളാണ് പണിതിട്ടുള്ളത്. 5 വർഷം കൊണ്ട് 5 ലക്ഷത്തിൽപരം കക്കൂസുകൾ പണിതു നൽകി. ഏതാണ്ട് 1 ലക്ഷം ചതുരശ്ര മീറ്റർ വീതം പുതിയ ആശുപത്രി കെട്ടിടങ്ങളും, സ്കൂൾ കെട്ടിടങ്ങളും കഴിഞ്ഞ 5 വർഷം കൊണ്ട് പണിയാൻ കഴിഞ്ഞു. യു.ഡി.എഫ് ഭരണകാലത്ത് ഏതാണ്ട് 9000 കിലോമീറ്റർ ജില്ലാതല റോഡുകളും ഗ്രാമീണ റോഡുകളും പണിതസ്ഥാനത്ത് 5 വർഷംകൊണ്ട് 19000 ത്തോളം കിലോമീറ്റർ റോഡുകൾ പണിയുന്നതിന് കഴിഞ്ഞു. പുതുതായി 35000 ത്തോളം വാട്ടർ ടാപ്പുകൾ സ്ഥാപിച്ചു. ഇപ്രകാരം ഓരോ രംഗത്തും കണ്ണഞ്ചിപ്പിക്കുന്ന നേട്ടങ്ങളാണ് കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത്.

പൊതുമേഖലയെ വിറ്റു തുലയ്ക്കുക എന്നതാണ് കേന്ദ്രഗവർമെണ്ടിന്റെ നയം. അതിനു വിരുദ്ധമായി, അവയുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനും, ഒപ്പം ഉല്പാദനം വർദ്ധിപ്പിക്കാനും ഇടതുപക്ഷജനാധിപത്യ മുന്നണി ഗവർമെണ്ടിന് കഴിഞ്ഞു. 450 കോടി രൂപയുടെ പൊതുമേഖലാപുനരുദ്ധാരണ ഫണ്ട് സ്വരൂപിച്ചു. കെ.എം.എം.ൽ, മലബാർ സിമന്റ്സ്, ട്രാവൻകൂർ ടൈറ്റാനിയം തുടങ്ങിയ പല പൊതുമേഖലാ സ്ഥാപനങ്ങളും ഇന്ന് ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. പൂട്ടിക്കിടക്കുന്ന പല ഫാക്ടറികളും തുറപ്പിക്കുന്നതിന് കഴിഞ്ഞു. ജിയോ ടെക്സ്റ്റൈയിൽസിന് നൽകിയ ഊന്നൽ കയർമേഖലയിൽ പുതിയൊരഭിവൃദ്ധി സൃഷ്ടിച്ചു. കശുവണ്ടി തൊഴിലാളികളുടെ പ്രവൃത്തി ദിനങ്ങൾ വൻതോതിൽ വർദ്ധിപ്പിക്കാൻ കഴിഞ്ഞു. കോർപ്പറേഷൻ ഫാക്ടറികളിൽ യു.ഡി.എഫ് ഭരണകാലത്ത് പ്രതിവർഷം കേവലം 12 ദിവസത്തെ തൊഴിൽ മാത്രം നൽകിയ സ്ഥാനത്ത് എൽ.ഡി.എഫ് കാലത്ത് 210 ദിവസം വരെ തൊഴിൽ നൽകി. ആഗോളവൽക്കരണത്തിന്റെ വെല്ലുവിളികളെ നേരിട്ടുകൊണ്ടാണ് നമ്മുടെ വ്യാവസായികമേഖല പിടിച്ചുനിൽക്കുന്നത്.

എൽ.ഡി.എഫ്. സർക്കാർ ഇതിനകം 2.75 ലക്ഷത്തിലധികം പേർക്കു പട്ടയം നൽകി. 1-11-77നുമുമ്പ് വനഭൂമി കൈവശമുണ്ടായിരുന്ന കൃഷിക്കാർക്ക് മുഴുവൻ പട്ടയം നൽകാൻ നടപടി സ്വീകരിച്ചു. 14,442 പേർക്ക് കൈവശാവകാശ

രേഖയും നൽകി. അതിനു പുറമേ ഭൂരഹിതരായ 14,430 പേർക്ക് 3086 ഏക്കർ മിച്ചഭൂമി വിതരണം ചെയ്തു. കാൽ നൂറ്റാണ്ടായി പരിഹരിക്കപ്പെടാതെ കിടന്ന ആദിവാസി പ്രശ്നം പരിഹരിച്ചു. ഭൂമിനഷ്ടപ്പെട്ട ആദിവാസികൾക്ക് അതേ അളവിൽ പകരം ഭൂമിയും ഭൂരഹിതരായ ആദിവാസികൾക്ക് ഒരു ഏക്കർ ഭൂമിയും നൽകാൻ നിയമം വഴി വ്യവസ്ഥ ചെയ്തു. അതനുസരിച്ച് ആയിരത്തിലധികം ആദിവാസി കുടുംബങ്ങൾക്ക് ഭൂമി നൽകിക്കഴിഞ്ഞു. ഇതുവരെ പരിഹരിക്കപ്പെടാതിരുന്ന കാരായ്മ കുടിയാൻ പ്രശ്നം പരിഹരിച്ചു. ഭൂപരിഷ്കാരം മൂലം കഷ്ടത്തിലായ മുൻജന്മിമാർക്ക് 500 രൂപവീതം പ്രതിമാസപെൻഷൻ ഏർപ്പെടുത്തി. കുടിയാന്മാർക്കും കുടികിടപ്പുകാർക്കും നൽകാനുള്ള ജന്മി പ്രതിഫല കുടിശ്ശിക എഴുതിത്തള്ളി. വിവിധ സർട്ടിഫിക്കറ്റുകൾക്ക് പകരമായി ഒരു കുടുംബത്തെ കുറിച്ചുള്ള വിവരങ്ങൾ അടങ്ങുന്ന ആധികാരിക രേഖയായി റവന്യൂകാർഡ് ഏർപ്പെടുത്തി. 16 പുതിയ താലൂക്കുകൾ അനുവദിക്കുന്നതടക്കം റവന്യൂ ഭരണം കാര്യക്ഷമമാക്കുന്നതിനു വിവിധ നടപടികൾ കൈക്കൊണ്ടു.

കാർഷികമേഖലയിൽ മറ്റേത് കാലത്തെക്കാളും കൂടുതൽ ആനുകൂല്യങ്ങൾ കൃഷിക്കാർക്ക് കഴിഞ്ഞ വർഷങ്ങളിൽ ലഭ്യമാക്കി. സംസ്ഥാന കൃഷിവകുപ്പും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും നടപ്പാക്കിയ പരിപാടികൾ ഒരുമിച്ചെടുത്ത് പരിശോധിക്കുമ്പോൾ കാർഷികമേഖലയിലെ നിക്ഷേപം ഗണ്യമായി ഉയർന്നതായി കാണാം. ഏറ്റവും ശ്രദ്ധേയമായ വളർച്ചയുണ്ടായത് പച്ചക്കറികൃഷിയിലാണ്. അതുപോലെ തന്നെ നെൽകൃഷിയിലും പാൽ ഉൽപാദനരംഗത്തും അഭൂതപൂർവ്വമായ വളർച്ചയുണ്ടായി.

പുത്തൻസാമ്പത്തിക നയങ്ങളുടെ ആഘാതത്തിൽപ്പെട്ട് നട്ടംതിരിഞ്ഞ നാളികേര-റബ്ബർ കൃഷിക്കാരെ സഹായിക്കൻ കേരളത്തിലെ എൽ.ഡി.എഫ് സർക്കാർ പരമാവധി ശ്രമിച്ചിട്ടുണ്ട്. റബ്കോയുടെ ആവിർഭാവം റബ്ബറിന്റെ ഉപഭോഗം വർദ്ധിപ്പിക്കുന്നതിനും റബ്ബർ കയറ്റുമതിക്ക് തുടക്കം കുറിക്കുന്നതിനും സാധിച്ചു. നാളികേരം സംഭരിക്കുന്നതിനും, സംസ്കരിക്കുന്നതിനുമുള്ള ഒട്ടേറെ നടപടികൾ കേരള സർക്കാർ സ്വീകരിക്കുകയുണ്ടായി. നാണ്യവിള കൃഷിക്കാർക്ക് പല വിധത്തിലുള്ള നികുതി സൗജന്യങ്ങളും സംസ്ഥാനസർക്കാർ അനുവദിക്കുകയുണ്ടായി.

പൊതുവിതരണശൃംഖലയെ തകർക്കുക എന്നതായിരുന്നു കേന്ദ്രനയം. എന്നാൽ കേരളത്തിന്റെ പൊതുവിതരണ സമ്പ്രദായം നിലനിൽത്തുന്നതിനു കേരള സർക്കാർ പരമാവധി യത്നിക്കുകയുണ്ടായി. റേഷൻ വില പിടിച്ചുനിർത്തുന്നതിനുവേണ്ടി 200 കോടിയോളം രൂപ പ്രതിവർഷം സബ്സിഡിയിനത്തിൽ കേരള സർക്കാർ ചെലവഴിക്കുന്നു. ഉൽസവകാലങ്ങളിലെ പ്രത്യേക റേഷൻ, സ്കൂൾ കുട്ടികൾക്കുള്ള സൗജന്യ അരി വിതരണം എന്നിവ നടപ്പാക്കി. മാവേലി സ്റ്റോറുകളുടെ എണ്ണം വർദ്ധിപ്പിച്ചു. നീതിസ്റ്റോറുകൾക്ക് രൂപം നൽകി.

ദുർബലവിഭാഗങ്ങൾക്ക് ഇത്രയേറെ ആനുകൂല്യങ്ങൾ നൽകിയിട്ടുള്ള

മറ്റൊരു സർക്കാർ ഉണ്ടായിട്ടില്ല. കേരളചരിത്രത്തിൽ ആദ്യമായി പട്ടികവിഭാഗങ്ങൾക്ക് ജനസംഖ്യാനുപാതികമായി പദ്ധതിവിഹിതം പൂർണമായും നീക്കിവെച്ച റെക്കോഡ് നായനാർ സർക്കാരിന് മാത്രമുള്ളതാണ്. 5 വർഷംകൊണ്ട് യു.ഡി.എഫ് സർക്കാർ ദുർബലവിഭാഗങ്ങൾക്ക് നാമമാത്രമായി വീട് നൽകിയ സ്ഥാനത്ത് 1,50,000 ത്തോളം വീടുകൾ 5 വർഷംകൊണ്ട് ദുർബല ജനവിഭാഗങ്ങൾക്ക് നൽകാൻ എൽ.ഡി.എഫ്. സർക്കാരിന് കഴിഞ്ഞുവെന്നത് അഭിമാനകരമാണ്.

സ്ത്രീകൾക്ക് ഇത്രയധികം ആനുകൂല്യങ്ങൾ നൽകിയ മറ്റൊരു സർക്കാരില്ല. പ്രതിവർഷം 100 കോടി രൂപയുടെ വനിതാപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി. പ്രാദേശികപദ്ധതികളുടെ ഗുണഭോക്താക്കളിൽ ഭൂരിപക്ഷംപേരും സ്ത്രീകളാണ്.

1200 കോടി രൂപയാണ് ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി ജീവനക്കാർക്ക് അധികമായി നൽകിയത്. ഇതുപോലൊരു ശമ്പളവർധന മുമ്പ് ഒരു കാലത്തും സംസ്ഥാന ജീവനക്കാർക്കു ലഭിച്ചിട്ടില്ല.

സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരമുയർത്താൻ ഇടതുപക്ഷ ഗവർമെണ്ട് സമഗ്രമായ പാഠ്യപദ്ധതി പരിഷ്കാരം നടപ്പാക്കിവരികയാണ്. പ്രൈമറിതലത്തിൽ ഈ പരിഷ്കാരം പൂർത്തിയായിക്കഴിഞ്ഞു. എസ്.എസ്.എൽ.സി.ക്ക് ശേഷമുള്ള പഠനസൗകര്യം ഹയർസെക്കന്ററി വഴി ഗണ്യമായി ഉയർത്തി. 1,06,000 വിദ്യാർത്ഥികൾക്ക് പ്രീഡിഗ്രിക്ക് പഠനസൗകര്യമുണ്ടായിരുന്നത് 1,74,000 വിദ്യാർത്ഥികൾക്ക് പ്ലസ്ടുവിലൂടെ പഠനസൗകര്യം ഉറപ്പുവരുത്തി. എഞ്ചിനീയറിംഗ് സീറ്റുകൾ 3900 ഉണ്ടായിരുന്നത് 9300 ആക്കി വർദ്ധിപ്പിച്ചു. ഉന്നത വിദ്യാഭ്യാസരംഗത്ത് സാധാരണ കോളേജുകളിൽ 500 ഓളം ബിരുദബിരുദാനന്തര കോഴ്സുകൾ പുതുതായി ഏർപ്പെടുത്തി.

സാംസ്കാരികരംഗത്ത് ഒരു പുതിയ ഉണർവ് സൃഷ്ടിക്കാൻ ഗവർമെണ്ടിനു കഴിഞ്ഞു. സാംസ്കാരികപ്രവർത്തനത്തിന് ഇത്രയേറെ തുക നീക്കിവെച്ച ഒരു സർക്കാർ ഇതിന് മുമ്പുണ്ടായിട്ടില്ല. ഒട്ടേറെ പുതിയ സാംസ്കാരികസ്ഥാപനങ്ങൾ ഈ കാലയളവിൽ സ്ഥാപിച്ചു. പുതിയ സഹസ്രാബ്ദത്തെ വരവേൽക്കാനായി ഒരുവർഷത്തിലേറെ നീണ്ടുനിന്ന 'മാനവീയം' പരിപാടി സംഘടിപ്പിച്ചു. സാംസ്കാരിക-നിർമ്മാണ പ്രവർത്തനങ്ങൾക്ക് പുറമെ സമഗ്രമായ ഒരു സാംസ്കാരിക മുന്നേറ്റത്തിന് തുടക്കം കുറിക്കാനും പുതിയ വികസനസംസ്കാരത്തിന് അന്തരീക്ഷമൊരുക്കാനും ഇതിലൂടെ കഴിഞ്ഞു. ഒറീസ്സയിൽ പ്രളയക്കെടുതിയിൽപ്പെട്ടവരെ പുനരധിവസിപ്പിക്കാനായി മുക്കാൽകോടി രൂപ സംഭരിച്ച് മാനവീയം ഗ്രാമത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചു.

ഗ്രന്ഥശാലകൾ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ നേതൃത്വത്തിൽ ഇത്രമാത്രം ഊർജസ്വലമായി പ്രവർത്തിച്ചകാലം മുമ്പുണ്ടായിട്ടില്ല. സ്പോർട്സ് രംഗത്തും ഒട്ടേറെ പുതിയ സംരംഭങ്ങൾ ആരംഭിച്ചു. കായികകേരളം

ദീർഘകാലമായി ആഗ്രഹിച്ചുപോന്ന സ്പോർട്സ്ബിൽ പാസ്സാക്കി നിയമമാക്കിയത് അഭിമാനകരമായ നേട്ടമാണ്. കായികസൗകര്യങ്ങൾ വിപുലീകരിക്കുന്നതിലും പിന്നോക്കപ്രദേശങ്ങളിൽ ലഭ്യമാക്കുന്നതിലുമാണ് ഊന്നൽ നൽകിയത്.

സഹകരണമേഖലയെ ജനാധിപത്യവൽക്കരിക്കുന്നതിനും കാര്യക്ഷമ മാക്കുന്നതിനും നിയമനിർമാണം നടത്തി. പലിശയില്ലാവായ്പാപദ്ധതിക്ക് രൂപം നൽകി. സഹകരണമേഖലയിൽ 6 എഞ്ചിനീയറിംഗ് കോളേജും ഒരു മെഡിക്കൽ കോളേജും ആരംഭിച്ചു.

കാർഷികോൽപന്നവിലയിടിവ് മൂലം സർക്കാരിന്റെ വരുമാനം മന്ദീഭവിച്ചതും ബഡ്ജറ്റിൽ വകയിരുത്തിയതിൽ നിന്ന് ഏതാണ്ട് 500ൽ അധികം കോടി രൂപ കേന്ദ്രസർക്കാർ കൈമാറാതിരുന്നതും 11-ാം ധനകാര്യ കമ്മീഷൻ കേരളത്തോട് കാട്ടിയ കടുത്ത വിവേചനവും സംസ്ഥാനത്തിന്റെ വരുമാനത്തെ ഗുരുതരമായി ബാധിച്ചു. ക്ഷേമച്ചെലവുകൾ വർധിച്ചതും, റേഷനും മറ്റും കൂടുതൽ സബ്സിഡി നൽകേണ്ടിവന്നതും, ശമ്പളപരിഷ്കരണവും മറ്റുംമൂലം ചെലവുകൾ വർധിച്ചു. എന്നിട്ടും കാര്യക്ഷമമായ ധനമാനേജ്മെന്റിലൂടെ സ്തംഭനാവസ്ഥ ഒഴിവാക്കാൻ ഗവർമെണ്ടിന് കഴിഞ്ഞു. 11-ാം ധനകാര്യകമ്മീഷൻ വിശദമായ താരതമ്യപഠനത്തിന് ശേഷം എത്തിച്ചേർന്ന നിഗമനം കേരളത്തിലെ ധനസ്ഥിതി താരതമ്യേന ഭദ്രമാണെന്നാണ്. മറ്റു ഭൂരിപക്ഷം സംസ്ഥാനങ്ങളുടെയും നില കേരളത്തിനെ അപേക്ഷിച്ച് പരിതാപകരമാണെന്ന് കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ തന്നെ പറയുന്നു.. കേന്ദ്രനയങ്ങളാണ് പ്രധാനമായും സംസ്ഥാന സർക്കാരുകളെ ഈ നിലയിൽ എത്തിച്ചത്. കഴിഞ്ഞ കുറേവർഷങ്ങളായി തുടർന്നുപോന്ന കടുത്ത കേന്ദ്ര അവഗണനയും വിവേചനവുംമൂലം കേരളത്തിന് കഴിഞ്ഞ 5 വർഷം കൊണ്ട് പതിനായിരക്കണക്കിന് കോടി രൂപയാണ് നഷ്ടമായത്. എന്നിട്ടും, കേരളത്തിന്റെ സാമ്പത്തിക വളർച്ചാനിരക്കും, പ്രതിശീർഷ വരുമാനവും ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരണത്തിൻകീഴിൽ അഖിലേന്ത്യാ ശരാശരിയേക്കാൾ ഉയർന്നതായിരുന്നു എന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്.

മുകളിൽ പറഞ്ഞവയ്ക്കൊക്കെ മകുടംചാർത്തും വിധമാണ് കേരളത്തിലെ ക്രമസമാധാനില. യു.ഡി.എഫും, ആർ.എസ്.എസും കിണഞ്ഞ് പരിശ്രമിച്ചിട്ടും യു.ഡി.എഫ് കാലത്തെ അപേക്ഷിച്ച് രാഷ്ട്രീയ കൊലപാതകങ്ങളും, പൊലീസ് നടപടികളും എൽ.ഡി.എഫ് ഭരണകാലത്ത് തീരെ കുറവാണെന്നു കണക്കുകൾ തന്നെ വെളിവാക്കുന്നു. വർഗീയ സംഘർഷങ്ങളും സാമുദായിക കലാപങ്ങ ളുമില്ലാത്ത കാലഘട്ടമായിരുന്നു എൽ.ഡി.എഫിന്റെ കഴിഞ്ഞ അഞ്ചു വർഷം. കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്തടക്കം നടന്ന ഒട്ടനവധി കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിനും കുറ്റവാളികൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനും ഇക്കാലത്തു കഴിഞ്ഞു. കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയുടെ വിലയിരുത്തൽ പ്രകാരം ക്രമസമാധാന പാലനത്തിൽ ഇന്ന് ഒന്നാം സ്ഥാനം കേരളത്തിനാണ്.

മത-ജാതി വൈരാഗ്യങ്ങളാൽ സംഘർഷപൂരിതമായ ഇന്ത്യയിൽ സമാധാനത്തിന്റെ തുരുത്തായി കേരളം പരിലസിക്കുന്നു.

അഴിമതിയുടെയും കെടുകാര്യസ്ഥതയുടെയും കാര്യത്തിൽ റെക്കോർഡ് സൃഷ്ടിച്ചതായിരുന്നു മുൻ യു.ഡി.എഫ്. ഭരണകാലം. ഗ്രാഫൈറ്റ് അഴിമതിക്കേസ്സിലും ഇടമലയാർ പദ്ധതിയിലെ അഴിമതിക്കേസ്സിലും ആർ.ബാലകൃഷ്ണപിള്ള ശിക്ഷിക്കപ്പെട്ട് ജയിൽവാസം അനുഭവിക്കേണ്ടി വന്നു. പാമോയിൽ അഴിമതിക്കേസ്സിൽ കരുണാകരനും, ടി.എച്ച്,മുസ്തഫയും പ്രതികളായി വിചാരണ നേരിടുന്നു. കുരിയാർകുറ്റി കാരപ്പാറ കേസ്സിൽ ടി.എം.ജേക്കബ്ബും, ബ്രഹ്മപുരം അഴിമതിക്കേസ്സിൽ സി.വി.പത്മരാജനും എക്സൈസ് നിയമന അഴിമതിക്കേസ്സിൽ എം.ആർ.രഘുചന്ദ്രബാലും പ്രതികളായി കേസ്സുകൾ നടന്നുവരുന്നു. അഞ്ചു ഡിവൈഎഫ്ഐ പ്രവർത്തകരെ വെടിവെച്ചു കൊന്ന കേസ്സിലും ഇ.പി.ജയരാജനെ വധിക്കാർ ശ്രമിച്ച കേസ്സിലും എം.വി.രാഘവൻ പ്രതിയാണ്. അക്കാലത്തെ ചീഫ് സെക്രട്ടറി ആർ.രാമചന്ദ്രൻ നായർ സംസ്കൃത സർവ്വകലാശാലയ്ക്കുവേണ്ടി സ്ഥലം വാങ്ങിയതിലെ അഴിമതിക്കേസ്സിൽ ശിക്ഷിക്കപ്പെടുകയും മറ്റു നിരവധി കേസ്സുകളിൽ വിചാരണ നേരിടുകയും ചെയ്യുന്നു.

യു.ഡി.എഫ്. ഭരണകാലത്ത് ഇവർ നടത്തിയ അഴിമതികൾ സംബന്ധിച്ച് അന്നത്തെ പ്രതിപക്ഷം ഉന്നയിച്ച ആരോപണങ്ങൾ ഓരോന്നും ശരിവയ്ക്കുന്നതായിരുന്നു തുടർന്നുള്ള നിയമനടപടികളും ഇപ്പോഴത്തെ കോടതി വിധികളും. ഈ കോടതിവിധികളെ പരസ്യമായി വെല്ലുവിളിക്കാനാണ് യു.ഡി.എഫ്. നേതൃത്വം മുതിർന്നത്. അഴിമതിക്കാരെ വെള്ളപൂശി ന്യായീകരിക്കാനും സംരക്ഷിക്കാനുമുള്ള യു.ഡി.എഫ്. നേതൃത്വത്തിന്റെ ശ്രമം ബിജെപിയുടെ കേന്ദ്രഗവർമെണ്ട് നടത്തുന്ന നഗ്നമായ അഴിമതിയുടെ കാര്യത്തിലും ഇവർ പ്രകടമാക്കി. ആയുധ ഇടപാടിൽ ബിജെപി പ്രസിഡണ്ടും കേന്ദ്രമന്ത്രിമാരും പ്രധാനമന്ത്രിയുടെ ഓഫീസിലെ ഉന്നതരും ചില സൈനിക ഉദ്യോഗസ്ഥന്മാരും അടക്കം നടത്തിയ ഞെട്ടിപ്പിക്കുന്ന അഴിമതി സംബന്ധിച്ച് കേരളത്തിലെ യു.ഡി.എഫ്. നേതാക്കൾ പാലിച്ച ദീർഘമൗനം, രാജ്യമാകെ പ്രതിഷേധ മുയർന്നിട്ടും രാജ്യരക്ഷപോലും പണയപ്പെടുത്തി കോഴ വാങ്ങുന്നവരോട് ഇക്കൂട്ടരുടെ നിലപാട് എങ്ങിനെയെന്ന് തുറന്ന് കാട്ടിയിരിക്കുന്നു.

പൊതുപ്രവർത്തകരുടെയും സർക്കാർ ഉദ്യോഗസ്ഥരുടെയും അഴിമതി സംബന്ധിച്ച് അന്വേഷിക്കാനും നിയമനടപടികൾ കൈക്കൊള്ളാനും ഫലപ്രദവും കുറ്റമറ്റതുമായ നടപടികളാണ് എൽ.ഡി.എഫ്. ഗവർമെണ്ട് സ്വീകരിച്ചത്. വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തി വിജിലൻസ് ആന്റ് ആന്റികറപ്ഷൻ വിഭാഗം രൂപീകരിച്ചു. ലോകായുക്തും ഓംബുഡ്സ്മാനും രൂപീകരിച്ചുകൊണ്ട് അഴിമതി തടയുന്നതിനുള്ള ഫലപ്രദമായ സമീപനവും അതിനെതിരെ പോരാടാനുള്ള ശക്തമായ പ്രതിബദ്ധതയുമാണ് എൽ.ഡി.എഫ്. ഗവർമെണ്ട് പ്രകടിപ്പിച്ചത്.

# V

# സമഗ്രവികസനത്തിന് ഒരു കർമ്മപരിപാടി

**അ**ടുത്ത അഞ്ചുവർഷക്കാലം ദേശീയവരുമാന വർധനയേക്കാൾ വേഗത്തിൽ പ്രതിവർഷം 9 ശതമാനം വീതമെങ്കിലും സാമ്പത്തികവളർച്ച കേരളം കൈവരിക്കേണ്ടിയിരിക്കുന്നു. കാർഷികമേഖലയിൽ 4–5 ശതമാനം വീതവും വ്യവസായമേഖലയിൽ 8–10 ശതമാനം വീതവും ഉൽപാദനവർധന കൈവരിക്കണം. ഈ വളർച്ച കൈവരിക്കണമെങ്കിൽ നമ്മുടെ ആഭ്യന്തര ഉൽപാദനത്തിന്റെ 35–40 ശതമാനം വരുന്ന തുകയുടെയെങ്കിലും പുതിയ മുതൽമുടക്കുണ്ടാവണം. ഈ ലക്ഷ്യം കൈവരിക്കുന്നതിന് നമ്മുടെ നാട്ടിലെ സാധാരണക്കാരുടെയും ചെറുകിടക്കാരുടെയും നിക്ഷേപം മാത്രമല്ല വിദേശികളുടേതടക്കം ഇടത്തരം-വൻകിട മൂലധനനിക്ഷേപം ആവശ്യമാണ്. കേരളത്തിന്റെ വികസനത്തിന് വിദേശത്ത് പണിയെടുക്കുന്ന മലയാളികളുടെ നിക്ഷേപങ്ങൾക്ക് നിർണായക പങ്ക് വഹിക്കാനാകും. അതിനനുയോജ്യമായ പദ്ധതികൾ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ആവിഷ്കരിച്ചു നടപ്പാക്കുന്നതാണ്. ചൈനയുടെ അനുഭവം നമ്മുടെ മുന്നിലുണ്ട്. നിലവിലുള്ള പൊതുമേഖലയിൽ മുതൽമുടക്ക് വർധിപ്പിക്കുന്നതിന് സഹായകരമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് ഇടതുപക്ഷ ജനാധിപത്യമുന്നണി പ്രതിജ്ഞാബദ്ധമാണ്.

ഈ വളർച്ചയുടെ ഭാഗമായി അടുത്ത അഞ്ചുവർഷത്തിനുള്ളിൽ 12 ലക്ഷം പേർക്ക് പുതുതായി തൊഴിൽ നൽകും. ഇവരിൽ പകുതിപേർ സ്ത്രീകളായിരിക്കും. മഞ്ചേരി, കുന്നത്തുകാൽ പോലുള്ള തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ വിജയം വരിച്ച ചെറുകിട സ്വയംതൊഴിൽ സംരംഭങ്ങളിലൂടെയായിരിക്കും 3 ലക്ഷം പേർക്ക് തൊഴിൽ നൽകുക. വിവരസാങ്കേതികമേഖല, ബയോടെക്നോളജി, ടൂറിസം മേഖല എന്നിവയായിരിക്കും മറ്റു മൂന്നു പുതിയ മുഖ്യതൊഴിൽ മേഖലകൾ. കാർഷികമേഖലയിൽ തൊഴിൽദിനങ്ങൾ ഗണ്യമായി ഉയർത്തുന്നതിന് ലക്ഷ്യമിടുന്നുണ്ട്. ഇതിന് പുറമെ ഗ്രാമീണമേഖലയിലെ തൊഴിൽ കുറവിന് പരിഹാരമായി പുതിയ നിർമ്മാണ പ്രവൃത്തികളിലൂടെ പ്രതിവർഷം 2 കോടി പ്രവൃത്തിദിനങ്ങൾ സൃഷ്ടിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യക്ഷേമം തുടങ്ങിയ തുറകളിൽ നിലവിലുള്ള സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതിനായിരിക്കും

ഊന്നൽ നൽകുക. സ്കൂൾ വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിന് ഇതിനകം സ്വീകരിച്ചിട്ടുള്ള നടപടികൾ ശക്തിപ്പെടുത്തുന്നതോടൊപ്പം വിവരസാങ്കേതിക രംഗത്തെ സാധ്യതകൾ പരിശോധിച്ചുകൊണ്ട് ഉന്നതവിദ്യാഭ്യാസമേഖല നവീകരിക്കുകയും പുനഃസംഘടിപ്പിക്കുകയും ചെയ്യും. സർക്കാർ–സഹകരണ മേഖലയിലും സ്വകാര്യ ഉടമസ്ഥതയിലും ഈ രംഗത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നു. ഭാവിവിദ്യാഭ്യാസ വികസനത്തിന് കൂടുതൽ സംഭാവന എല്ലാ മേഖലകളിൽ നിന്നും ആവശ്യമാണ്. നിലവിലുള്ള വിവിധ ക്ഷേമസുരക്ഷിതത്വ നടപടികളെ ഏകോപിപ്പിച്ചും സമ്പൂർണ്ണ സാമൂഹ്യസുരക്ഷിതത്വപരിപാടിക്ക് രൂപം നൽകും.

ദ്രുതഗതിയിലുള്ളതും എന്നാൽ നീതിപൂർവ്വകവും സ്ഥായിയുമായ വികസനമാണ് ഇടതുപക്ഷജനാധിപത്യമുന്നണി ലക്ഷ്യമിടുന്നത്. കേരളത്തിലെ ജനങ്ങളുടെ ഉയർന്ന ബോധത്തെയും സംഘടിതശേഷിയെയും പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ഒരു വികസന തന്ത്രമാണ് നമുക്ക് വേണ്ടത്. സംസ്ഥാനതല ആസൂത്രണത്തിനൊപ്പം പ്രാദേശിക ആസൂത്രണത്തിനും പ്രാധാന്യം നൽകിക്കൊണ്ടുള്ള ഒരു പുതിയ ജനകീയവികസന പാതയാണ് ഇവിടെ അവതരിപ്പിക്കുന്നത്. ഈ കാഴ്ചപ്പാടിന് അനുസൃതമായി വിവിധ വികസനമേഖലകളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പരിപാടികൾ താഴെകൊടുക്കുന്നു.

## *1. കൃഷി*

1. കേരളത്തിന്റെ ദീർഘകാല താൽപര്യങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ട് ഭൂവിനിയോഗനയം ആവിഷ്കരിക്കും. കഴിഞ്ഞ കാലത്തെ അശാസ്ത്രീയമായ ഭൂവിനിയോഗം പല ജനവിഭാഗങ്ങളെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇത് ഇനിയും രൂക്ഷമാകുന്നത് തടയാൻ പുതിയ നയമനുസരിച്ച് പ്രവർത്തിക്കും. എല്ലാ വികസനപ്രവർത്തനങ്ങളെയും തടസ്സപ്പെടുത്തുക, അനിയന്ത്രിതമായി പ്രകൃതിയുടെ മേൽ കയ്യേറ്റം നടത്തുക എന്നീ കടുത്ത നടപടികൾ തടഞ്ഞ് ജനക്ഷേമകരമായി ഭൂവിനിയോഗം നടത്തുകയായിരിക്കും പുതിയ നയത്തിന്റെ ലക്ഷ്യം.
2. നെല്ല് ഉൾപ്പടെ എല്ലാ പ്രധാനവിളകളുടെയും ഉൽപാദനം ഗണ്യമായി വർദ്ധിപ്പിക്കാൻ ഉതകുന്നതരത്തിൽ കാർഷികവികസനപരിപാടികൾ ആവിഷ്കരിച്ചു നടപ്പാക്കും. തരിശുനിലം കൃഷി ചെയ്യുന്നത് ഉൾപ്പടെ കൃഷിഭൂമിയുടെ വിസ്തീർണ്ണം വർധിപ്പിക്കുവാൻ ശ്രമിക്കും. നവീനകാർഷിക സങ്കേതികവിദ്യ ഉപയോഗിച്ച് ഉൽപാദനക്ഷമതയും തൊഴിലവസരങ്ങളും വർദ്ധിപ്പിക്കാനും ഗ്രൂപ്പ് ഫാമിംഗിലൂടെ ഉൽപാദനചെലവ് കുറക്കാനും നടപടികളെടുക്കും. പമ്പിംഗ് സബ്സിഡി കാലോചിതമായി പരിഷ്കരിക്കും. ഇതിന് എല്ലാവിധത്തിലുള്ള സഹായങ്ങളും ചെയ്തുകൊണ്ട് ഗ്രാമീണസാമ്പത്തികസ്ഥിതി

മെച്ചപ്പെടുത്താനും അവിടത്തെ തൊഴിലില്ലായ്മ ഗണ്യമായി കുറയ്ക്കാനും സർക്കാർ മുൻകൈയെടുക്കും. നെല്ലുസംഭരണ പദ്ധതി കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കും.

3. സമഗ്ര കൃഷിവികസനം ലക്ഷ്യമിട്ടുകൊണ്ട് നീർത്തട മാസ്റ്റർ പ്ലാനുകൾ ബഹുജന പങ്കാളിത്തത്തോടുകൂടി ഒരുവർഷം കൊണ്ട് തയ്യാറാക്കി നടപ്പിലാക്കും.

4. കാർഷികമേഖലയിൽ ഒരുഭാഗത്ത് കർഷകതൊഴിലാളികൾക്ക് വളരെ കുറച്ചു ദിവസം മാത്രമെ തൊഴിൽ ലഭിക്കുന്നുള്ളൂ. അതേസമയം പലേടങ്ങളിലും ഈ മേഖലയിൽ ആവശ്യത്തിനു തൊഴിലാളികളെ ലഭിക്കാത്ത സ്ഥിതിയുമുണ്ട്. ഈ ദുസ്ഥിതി പരിഹരിക്കുന്നതിന് കുന്നത്തുകാൽ പഞ്ചായത്തിലും മറ്റും പരീക്ഷിച്ചു വിജയകരമായി കണ്ട രീതിയിൽ ലേബർ ബാങ്കുകൾ പഞ്ചായത്തുകളിൽ രൂപീകരിച്ച് കാർഷികമേഖലയ്ക്ക് നവോന്മേഷം പകരും.

5. കൃഷിക്കാരുടെ സ്വാശ്രയസംഘങ്ങൾ രൂപീകരിച്ച് ജനകീയാസൂത്രണ ത്തിന്റെ ഭാഗമായി സഹകരണസംഘങ്ങൾ മുഖേന പലിശരഹിതവായ്പ കർഷകർക്ക് ഉറപ്പാക്കും.

6. നാണ്യവിളകൾക്ക് കൂടി ഇൻഷൂറൻസ് ഏർപ്പെടുത്തും. റബ്ബർ, തേങ്ങ, കാപ്പി, കുരുമുളക്, അടക്ക തുടങ്ങിയവയെ അടിസ്ഥാനമാക്കിയുള്ള കാർഷികസംസ്കരണ വ്യവസായങ്ങൾ റബ്കോ മാതൃകയിൽ ശക്തിപ്പെടുത്തി നാണ്യവിളകളുടെ ആഭ്യന്തരകമ്പോളം വികസിപ്പിക്കും. അതോടൊപ്പം അവയുടെ കയറ്റുമതി വർദ്ധിപ്പിക്കാനും നടപടി കൈക്കൊള്ളും.

7. പച്ചക്കറികൃഷി വ്യാപകമാക്കി പച്ചക്കറിയുടെ കാര്യത്തിൽ സ്വയംപര്യാപ്തത നേടിയെടുക്കും. തെങ്ങിൻതോപ്പുകളിലും മറ്റും ഇടവിളയായി പച്ചക്കറി കൃഷിക്ക് പ്രോത്സാഹനം നൽകി കൃഷി ആദായകരമാക്കാൻ നടപടി കൈക്കൊള്ളു. ഗൾഫ് രാജ്യങ്ങളിലേക്കും മറ്റും പച്ചക്കറി സാധനങ്ങൾ കയറ്റി അയക്കൽ വർദ്ധിപ്പിക്കും.

8. ജൈവ സാങ്കേതികാടിസ്ഥാനത്തിൽ നൂതന കൃഷിസമ്പ്രദായങ്ങൾ വ്യാപിപ്പിക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കുകയും, ബയോ ടെക്നോളജി പാർക്കും ഇൻസ്റ്റിറ്റ്യൂട്ടും രൂപീകരിക്കുകയും ചെയ്യും.

9. പുഷ്പകൃഷി പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടി ശീതീകരണ മുറികളുടെയും വാഹനങ്ങളുടെയും ഒരു ശൃംഖല സ്ഥാപിക്കും.

10. ചക്ക,മാങ്ങ, വാഴ, പൈനാപ്പിൾ തുടങ്ങിയ പഴവർഗകൃഷി അഭിവൃദ്ധി പ്പെടുത്തുന്നതിനും അവ സംസ്കരിച്ച് വിപണനം നടത്തുന്നതിനുമുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തും. കാർഷികസംസ്കരണ വ്യവസാ

യങ്ങളെ പ്രോൽസാഹിപ്പിക്കും.

11. മലയോരകൃഷിക്കാരുടെ പട്ടയവിതരണം പൂർത്തിയാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കും. അർഹതപ്പെട്ട മുഴുവൻപേർക്കും പട്ടയം നൽകും.

12. സംസ്ഥാനത്തിന്റെ സാമ്പത്തികവും പാരിസ്ഥിതികവുമായ താൽപര്യങ്ങൾക്കും ആദിവാസികളുടെ ഉപജീവനത്തിനും ക്ഷേമത്തിനും ഉതകുന്നതരത്തിൽ സംസ്ഥാന വനനയം ആവിഷ്കരിച്ച് നടപ്പാക്കും.

13. നടപ്പാക്കിക്കൊണ്ടിരിക്കുന്ന വൻകിട, ഇടത്തരം ജലസേചന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കും. നിലവിലുള്ള പദ്ധതികളെ സമഗ്രമായി വിലയിരുത്തി അവയുടെ അറ്റകുറ്റപ്പണികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതാണ്. പുതിയ പദ്ധതികൾ സമഗ്രപരിശോധനയ്ക്കു വിധേയമായി മാത്രമേ നടപ്പിലാക്കൂ.

14. നീർത്തടാടിസ്ഥാനത്തിലുള്ള ജലസംരക്ഷണത്തിനും ചെറുകിട ജലസേചനത്തിനും ഊന്നൽ നൽകും. ഇവ ഗുണഭോക്താക്കളുടെ മേൽനോട്ടത്തിലായിരിക്കും ആവിഷ്കരിക്കുകയും നടപ്പാക്കുകയും ചെയ്യുക.

15. സർക്കാർ–അർദ്ധസർക്കാർ സ്ഥാപനങ്ങളുടെയും താമസസ്ഥലങ്ങളുടെയും ഭാഗമായുള്ള ഒട്ടേറെ ഭൂമി തരിശായി കിടക്കുന്നുണ്ട്. അവയിൽ കൃഷി നടത്താനുള്ള പദ്ധതി തയ്യാറാക്കും.

16. അഞ്ച് ഏക്കറിൽ താഴെ ഭൂമിയുള്ള കൃഷിക്കാർക്ക് പെൻഷൻ പദ്ധതി ഏർപ്പെടുത്തും.

17. കൃഷിക്കാരുടെ ഉൽപന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ അവരുടെ ഉൽപന്നങ്ങൾ വാങ്ങി വിപണനം ചെയ്യുന്നതിന് സഹകരണസംഘങ്ങളെ ചുമതലപ്പെടുത്തുന്നതാണ്. ഉപഭോക്താക്കൾക്ക് കൂടി പ്രയോജനം സിദ്ധിക്കുന്ന തരത്തിലായിരിക്കും ഇവയുടെ പ്രവർത്തനം സംവിധാനം ചെയ്യുക.

18. കാർഷികസർവ്വകലാശാലയുടെയും സർക്കാർ ഉടമയിലുള്ള വിവിധ കൃഷി ഫാമുകളുടെയും സൗകര്യങ്ങളെയും വിദഗ്ധരെയും ഉപയോഗപ്പെടുത്തി സംസ്ഥാനത്തെ വിവിധ വിളകൾക്ക് ആവശ്യമായ മേൽത്തരം വിത്തുകൾ ഉൽപാദിപ്പിച്ചു വിതരണം ചെയ്യാൻ നടപടികളെടുക്കും.

## *2. മൽസ്യബന്ധനവും മൃഗപരിപാലനവും*

1. മൽസ്യബന്ധന ഉപകരണങ്ങളുടെ ഉടമസ്ഥാവകാശവും മത്സ്യവില്പനയുടെ ആദ്യാവകാശവും മൽസ്യതൊഴിലാളികൾക്ക് ഉറപ്പുവരുത്താൻ നിയമ നിർമ്മാണം നടത്തും. കേന്ദ്രസർക്കാരിന്റെ വികലമായ നയങ്ങളുടെ ഫലമായി വിദേശട്രോളറുകൾ നടത്തുന്ന ആഴക്കടൽ മൽസ്യബന്ധനം നമ്മുടെ മൽസ്യസമ്പത്തിനെ

കൊള്ളയടിച്ചുകൊണ്ടിരിക്കുന്നു. കേന്ദ്രനയം തിരുത്തിക്കാൻ ശക്തമായ ജനകീയപ്രസ്ഥാനം വളർത്തിയെടുക്കും.

2. മൽസ്യസമ്പത്ത് പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി ജനകീയ മൽസ്യകൃഷി, സമൂഹമൽസ്യകൃഷി, മൽസ്യചെമ്മീൻ വിത്ത് ഉൽപാദനം, മുതലായ വികസന പദ്ധതികൾ ഊർജ്ജസ്വലമായി നടപ്പിലാക്കും. ഉൾനാടൻ ജലാശയങ്ങളിലെ മൽസ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് ഊർജ്ജിത നടപടികൾ കൈക്കൊള്ളും.

3. പഞ്ഞമാസ സമ്പാദ്യ ആശ്വാസപദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഉൾനാടൻ മൽസ്യതൊഴിലാളികൾക്കും ബാധകമാക്കും. തീരദേശത്തെ പട്ടയവിതരണം പൂർത്തീകരിക്കും. മൽസ്യതൊഴിലാളികൾക്ക് വേണ്ടിയുള്ള വിവിധ സാമൂഹ്യക്ഷേമ സുരക്ഷിതത്വ നടപടികൾ കൂടുതൽ ശക്തിപ്പെടുത്തുകയും വിപുലീകരിക്കുകയും ചെയ്യും.

4. കൂടുതൽ ഫിഷിങ് ഹാർബറുകൾ സ്ഥാപിക്കുകയും ലാന്റിംഗ് സെന്ററുകൾ നവീകരിക്കുകയും ചെയ്യും. മൽസ്യമാർക്കറ്റുകളിലെ സൗകര്യങ്ങൾ വിപുലീകരിക്കും. മൽസ്യവിൽപ്പനക്കാരുടെ, പ്രത്യേകിച്ച് സ്ത്രീകളുടെ, യാത്രാസൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും സൗജന്യനിരക്കിൽ മോപ്പെഡുകൾ ലഭ്യമാക്കുകയും ചെയ്യും.

5. കേരളത്തിലെ പാൽ ഉൽപാദനം ഗണ്യമായി വർധിപ്പിക്കും. കന്നുകാലികളുടെ ജനിതകഗുണം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ ഇനിയും ഊർജ്ജിതപ്പെടുത്തും. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ കന്നുകുട്ടി പരിപാലന പരിപാടി കൂടുതൽ സാർവത്രികമാക്കും. മുട്ട-ഇറച്ചിക്കോഴി കൃഷിയിൽ തൃശൂർ ജില്ലാപഞ്ചായത്ത് മാതൃകയിൽ 50 ശതമാനം വർദ്ധനയ്ക്ക് ശ്രമിക്കും.

6. പറമ്പുകളിലും തരിശുനിലങ്ങളിലും തീറ്റപ്പുൽകൃഷി പ്രോത്സാഹിപ്പിക്കും. ആഭ്യന്തരകാലിത്തീറ്റ ഉൽപാദനം വർധിപ്പിക്കും. കറവക്കാർക്ക് കറവയന്ത്രം, ശീതീകരണപ്ലാന്റുകൾ തുടങ്ങിയ ആധുനികസൗകര്യങ്ങൾ തദ്ദേശഭരണസ്ഥാപനങ്ങൾ വഴി നടപ്പിലാക്കും. പാൽ ഉൽപ്പന്ന വ്യവസായ സംരംഭങ്ങൾ പ്രോൽസാഹിപ്പിക്കും.

7. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ഗുണമേന്മയില്ലാത്ത പാലിന്റെയും ഇറച്ചിക്കോഴിയുടെയും കടന്നുവരവ് കർശനമായി നിയന്ത്രിക്കും.

## 3. *വ്യവസായം*

1. **ഊർജ സ്വയംപര്യാപ്തത കൈവരിക്കുകയും വ്യവസായവൽക്കരണത്തിന് നാനാപ്രോൽസാഹനങ്ങൾ സംസ്ഥാനസർക്കാർ നൽകി തുടങ്ങുകയും കേരളത്തിലെ സമാധാനാന്തരീക്ഷത്തിന്റെ നേട്ടം പരക്കെ**

അറിയപ്പെടുകയും ചെയ്തതോടെ, കേരളത്തിൽ മുതൽമുടക്കുന്നതിന് കൂടുതൽപേർ മുന്നോട്ടുവന്നിട്ടുണ്ട്. തൊഴിലാളികൾക്കും പൊതുവിൽ ജനങ്ങൾക്കും ദോഷകരമല്ലാത്ത രീതിയിലുള്ള ഏതു വ്യവസായോദ്യമത്തിനും സർക്കാർ എല്ലാവിധ പ്രോത്സാഹനങ്ങളും നൽകും. പൊതുമേഖലാസ്ഥാപനങ്ങൾ നവീകരിക്കാനും ലാഭകര മാക്കാനും നടപടികൾ കൈക്കൊള്ളും. അതോടൊപ്പം സ്വകാര്യ മേഖലയിലും, എൻ.ആർ.ഐ മേഖലയിലും നിന്നുള്ള നിക്ഷേപം പരമാവധി പ്രോൽസാഹിപ്പിക്കും.

2. ഒരുവർഷത്തിനുള്ളിൽ സമഗ്രമായ മലിനീകരണനിവാരണത്തോടുകൂടി തിരുവനന്തപുരത്തുള്ള ടൈറ്റാനിയം ഫാക്ടറി വികസിപ്പിക്കും. പുതിയ മിനറൽ കോംപ്ലക്സ് സ്ഥാപിക്കും.

3. അഞ്ചുവർഷക്കാലയളവിൽ സംസ്ഥാനത്ത് 1,20,000 ചെറുകിട വ്യവസായങ്ങൾ പുതുതായി രജിസ്റ്റർ ചെയ്യാൻ നടപടി സ്വീകരിക്കും. ചെറുകിട യൂണിറ്റുകളുടെ രോഗാതുരത പരിഹരിക്കാൻ നടപടി കൈക്കൊള്ളും.

4. കൊച്ചിയിൽ ഒരു സ്റ്റീൽ സ്റ്റോക്ക് യാർഡ് നിർമ്മിക്കും. എറണാകുളം ജില്ലയിൽ ടെക്സ്റ്റൈൽ പ്രിന്റിംഗ് കോംപ്ലെക്സ് സ്ഥാപിക്കും. എറണാകുളത്ത് ഖാദി എക്സ്പോർട്ട് പ്രമോഷൻ സെന്റർ ആരംഭിക്കും.

5. കിൻഫ്രയുടെ നേതൃത്വത്തിൽ 14 വ്യവസായപാർക്ക് പദ്ധതികൾ പൂർത്തീകരിക്കും. കഴക്കൂട്ടത്ത് ഒരു ഫിലിം വീഡിയോ പാർക്ക് സ്ഥാപിക്കും. കൊച്ചിയിൽ ഒരു ഹൈടെക് പാർക്കും ഇടുക്കിയിൽ ഒരു ഹെർബൽ പാർക്കും സ്ഥാപിക്കും.

6. ജനകീയാസൂത്രണവുമായി ബന്ധപ്പെടുത്തി ഖാദി വ്യവസായ യൂണിറ്റുകൾ നവീകരിക്കുകയും വിപുലപ്പെടുത്തുകയും ചെയ്യും.

7. നാളികേരം അടിസ്ഥാനമാക്കിയുള്ള ശീതളപാനിയങ്ങൾ, കോകോനട്ട് ക്രീം, കോകോനട്ട് മിൽക്ക്, ജലാംശം നീക്കപ്പെട്ട തേങ്ങ, തെങ്ങിൻതടി സംസ്കരിച്ച ഉൽപന്നങ്ങൾ എന്നിവ ഉൽപ്പാദിപ്പിക്കുന്ന വ്യവസായസംരംഭങ്ങളെ പ്രോൽസാഹിപ്പിക്കും. റബ്ബർ ഉൽപന്ന വ്യവസായങ്ങൾക്ക് പ്രത്യേക പ്രോൽസാഹനം നൽകും. കാപ്പി, കുരുമുളക്, അടക്ക തുടങ്ങിയ കാർഷികോൽപന്നങ്ങളുടെ മൂല്യം ഗണ്യമായി വർദ്ധിപ്പിക്കുന്ന രീതിയിൽ സംസ്കരിക്കുന്നതിന് എല്ലാവിധ പ്രോൽ സാഹനങ്ങളും നൽകും.

8. അന്തർദേശീയ ഗുണനിലവാരം ഉറപ്പാക്കുന്ന രീതിയിൽ മൽസ്യ സംസ്കരണ യൂണിറ്റുകളുടെ നവീകരണപദ്ധതി നടപ്പാക്കും.

9. കയറുൽപന്നങ്ങൾ നൂതന ടെക്നോളജി ഉപയോഗിച്ച് ഉൽപാദിപ്പി ക്കുകയും കയറ്റുമതി സാധ്യത വർദ്ധിപ്പിക്കുകയും ചെയ്യും.

10. കശുവണ്ടിയുടെ ആഭ്യന്തര ഉൽപാദനം വർദ്ധിപ്പിക്കുന്നതിന്

കശുവണ്ടികൃഷി വ്യാപിപ്പിക്കും.

11. കൈത്തറി വ്യവസായം നവീകരിക്കുകയും പ്രാദേശിക പദ്ധതികളുമായി ബന്ധപ്പെടുത്തി ആഭ്യന്തര/വിദേശ മാർക്കറ്റുകൾ വിപുലീകരിക്കുകയും ചെയ്യും.

12. തകർന്നുകൊണ്ടിരിക്കുന്ന ബീഡിവ്യവസായത്തിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിനു ഒരു സമഗ്ര പദ്ധതി ആവിഷ്കരിക്കും.

13. മുളകൃഷി വ്യാപിപ്പിക്കുകയും മുള കൊണ്ടുള്ള മൂല്യവർദ്ധിത ഉൽപന്നങ്ങൾക്ക് പ്രോൽസാഹനം നൽകുകയും ചെയ്യും.

14. കേന്ദ്രധനകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകളുടെ അർഹമായ വിഹിതം കേരളത്തിന് ഉറപ്പുവരുത്തുന്നതിനും വാണിജ്യ ബാങ്കുകളുടെ വായ്പാനിക്ഷേപം ഉയർത്തുന്നതിനും ശക്തമായ സമ്മർദ്ദം ചെലുത്തുകയും ആവശ്യമായ മറ്റു നടപടികൾ സ്വീകരിക്കുകയും ചെയ്യും.

## *4. വിവരസാങ്കേതിക മേഖല*

1. കേരളത്തിന്റെ ഭാവി സാമ്പത്തിക വളർച്ചക്കുള്ള വലിയ വാഗ്ദാനമായിട്ടാണ് വിവരസാങ്കേതിക മേഖലയെ കാണുന്നത്. നമ്മുടെ വിദ്യാസമ്പന്നരായ ജനങ്ങളുടെ കഴിവുകൾകൊണ്ടും നിലവിലുള്ള വിവരവിനിമയ ശൃംഖലയുടെ പ്രത്യേകതകൾ കൊണ്ടും മറ്റേതു സംസ്ഥാനത്തെക്കാളും കേരളത്തിന് ഈ രംഗത്ത് സാധ്യതയുണ്ട്. ഹാർഡ്‌വേയർ, സോഫ്റ്റ്‌വേയർ, ഐ.ടി, സർവീസ് മേഖലകളിൽ വ്യാപകമായ പശ്ചാത്തലസൗകര്യങ്ങൾ വികസിപ്പിക്കാനും മറ്റു പ്രോൽസാഹനങ്ങൾ നൽകാനും നടപടികൾ സ്വീകരിക്കും. നമ്മുടെ എല്ലാ എൻജിനീയറിംഗ് കോളേജുകളോട് അനുബന്ധിച്ചും ഇത്തരം സൗകര്യങ്ങൾ വികസിപ്പിക്കാൻ സഹകരണ-സ്വകാര്യ മേഖലകളുടെ സഹായത്തോടെ ശ്രമിക്കും. തിരുവനന്തപുരം ടെക്നോപാർക്ക് കൂടുതൽ വിപുലീകരിച്ച് സംസ്ഥാനത്തെ പ്രഥമ ഹൈടെക്-ഹാബിറ്റാറ്റ് ആയി ഉയർത്തും. സമാനമായ കേന്ദ്രങ്ങൾ കൊച്ചിയിലും കോഴിക്കോട്ടും സ്ഥാപിക്കും. 30 ലക്ഷം ചതുരശ്രയടി അന്തർദേശീയ നിലവാരത്തിലുള്ള ഐ.ടി കെട്ടിടസൗകര്യം ഈ മൂന്നിടത്തുമായി സൃഷ്ടിക്കും. സ്വകാര്യപങ്കാളിത്തത്തോടെയാവും ഈ സംവിധാനം സൃഷ്ടിക്കുക.

2. ഐ.ടി.മേഖലയിലെ വിപുലമായ ജോലി സാധ്യത കണക്കിലെടുത്ത് ആവശ്യമായ പരിശീലന സൗകര്യങ്ങൾ ആർട്സ് ആന്റ് സയൻസ് കോളേജുകളിലും പോളിടെക്നിക്കുകളിലും മറ്റും സൃഷ്ടിക്കും. അടുത്ത 5 വർഷംകൊണ്ട് ഡാറ്റാ എൻട്രി തുടങ്ങിയ ജോലികൾ ചെയ്യാൻ 5 ലക്ഷം പേർക്കും, ഡിപ്ലോമ നിലവാരത്തിലുള്ള പരിശീലനം 2 ലക്ഷം പേർക്കും ബിരുദനിലവാരത്തിലുള്ള ഉന്നതതലപരിശീലനം ഒരുലക്ഷം പേർക്കും

നൽകും. ഇതിനാവശ്യമായ തരത്തിൽ വിദ്യാഭ്യാസ സൗകര്യങ്ങൾ വിപുലീകരിക്കും. ഐ.ഐ.ടി.എം.കെ യും കൊച്ചിസർവ്വകലാശാലയും. ആർ.ഇ.സിയും, തിരുവനന്തപുരം, തൃശൂർ, കണ്ണൂർ എഞ്ചിനീയറിംഗ് കോളേജുകളും, കേന്ദ്രമായി അന്തർദേശീയ നിലവാരത്തിലുള്ള ഐ.ടി. പരിശീലനസൗകര്യങ്ങൾ സൃഷ്ടിക്കും.

3. ഐ.ടി.സർവ്വീസിലെ വൈദഗ്ധ്യം വർദ്ധിപ്പിക്കാൻ യൂണിവേഴ്സിറ്റി കോഴ്സുകളിൽ കംപ്യൂട്ടർ വിദ്യാഭ്യാസം നിർബന്ധമാക്കും. മുഴുവൻ ഹൈസ്കൂളുകളിലും കംപ്യൂട്ടർ പഠനം ഏർപ്പെടുത്തും.

4. സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളും വാർഡുകളും തമ്മിൽ ഫൈബർ ഓപ്റ്റിക്കൽ ബന്ധം ഉറപ്പുവരുത്തി എല്ലാ വാർഡുകളിലും കമ്മ്യൂണിറ്റി ഇന്റർനെറ്റ് കിയോസ്കുകൾ സ്ഥാപിക്കുകയും ചെയ്യും. അടുത്ത അഞ്ചു വർഷങ്ങൾക്കുള്ളിൽ കേരളത്തിൽ ചുരുങ്ങിയത് 75,000,100,000 ഇന്റർനെറ്റ് കിയോസ്കുകൾ ഉണ്ടാവണം. ഇതിലൂടെ അഞ്ചുലക്ഷം തൊഴിലവസരങ്ങൾ എങ്കിലും സൃഷ്ടിക്കാനാവും. ഇതിൽ 70 ശതമാനം തൊഴിലവസരങ്ങളും ലഭിക്കുക സ്ത്രീകൾക്കായിരിക്കും.

5. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ കംപ്യൂട്ടർവൽക്കരണത്തിന്റെ രണ്ടാംഘട്ട പരിപാടിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും കമ്യൂണിറ്റി ഇന്റർനെറ്റ് കിയോസ്കുകളുടെയും ശൃംഖല പ്രാവർത്തികമാക്കും. ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ നഗരപാലികാകേന്ദ്രങ്ങളിലെ കംപ്യൂട്ടർവൽക്കരണ പരിപാടിയുടെ അവിഭാജ്യഘടകമാക്കും.

6. കേരള ബയോഇൻഫർമാറ്റിക്സ് ആന്റ് ടെക്നോളജി മിഷൻ സ്ഥാപിച്ച് പുതിയ ഇനം വിത്തുകളുടെയും തൈകളുടെയും നിർമ്മാണം, ജൈവവളം, ജൈവനിയന്ത്രണം, ഔഷധസസ്യങ്ങൾ, മൽസ്യബന്ധനം, ജൈവവൈവിധ്യ സംരക്ഷണം, പേറ്റന്റ് എടുക്കാനുള്ള സൗകര്യങ്ങൾ വിപുലമായി സൃഷ്ടിക്കുക എന്നിവയ്ക്കായുള്ള പശ്ചാത്തലസൗകര്യങ്ങൾ സൃഷ്ടിക്കും. ആ മേഖലയിൽ 5 വർഷങ്ങൾക്കുള്ളിൽ ഒന്നര ലക്ഷം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കും.

7. ഐടി പരിപാടിയുടെ ഭാഗമായി ഉയർന്ന നിലവാരത്തിലുള്ള 25,000 തൊഴിൽ അവസരങ്ങളും ഇടത്തരം നിലവാരത്തിലുള്ള 50,000 തൊഴിലവസരങ്ങളും 2,00,000 മറ്റ് തൊഴിലവസരങ്ങളും പുതുതായി സൃഷ്ടിക്കും.

8. ഗ്രാമീണ വായനശാലകളിൽ ഇന്റർനെറ്റ് സൗകര്യങ്ങളോടുകൂടിയുള്ള കമ്യൂണിറ്റി കിയോസ്കുകൾ സ്ഥാപിക്കും. വിവരസംവേദന സാങ്കേതിക വിദ്യകൾ, ടൂറിസം, ബയോടെക്നോളജി എന്നീ മേഖലകളിലെ സൂക്ഷ്മതല സംരംഭങ്ങൾ സൃഷ്ടിക്കുന്നതിനുള്ള വിവരവിനിമയ കേന്ദ്രങ്ങൾകൂടിയായി വായനശാലകളെ രൂപപ്പെടുത്തും.

9. വിവരസാങ്കേതിക വ്യവസായമേഖലയിൽ മുതൽമുടക്കുന്നതിന് വിദേശമലയാളി സംരംഭകർക്ക് എല്ലാപ്രോൽസാഹനവും നൽകും.

## *5. ടൂറിസം*

1. ടൂറിസം മേഖലയിൽ കായലോര ടൂറിസം, ആരോഗ്യ ടൂറിസം, പരിസ്ഥിതി ടൂറിസം എന്നിവക്ക് ഊന്നൽ നൽകികൊണ്ടുള്ള ടൂറിസം വികസനപരിപാടി നടപ്പിലാക്കും. ബേക്കൽ, മുഴപ്പിലങ്ങാട്, തെന്മല മുതലായ ടൂറിസം പദ്ധതികൾ നടപ്പിലാക്കും.
2. കേരളത്തിലെ പുണ്യസ്ഥലങ്ങളായ ശബരിമല, ഗുരുവായൂർ, വർക്കല, തിരുനെല്ലി, പൊന്നാനി പെരുമ്പടപ്പ് പുത്തൻപള്ളി, മലയാറ്റൂർ, പറശ്ശിനിക്കടവ് എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് തീർത്ഥാടന സഞ്ചാരപരിപാടികൾ സംഘടിപ്പിക്കും.
3. വൻകിട ഹോട്ടലുകളിൽ മാത്രം ഊന്നാതെ ടൂറിസം മേഖലയിൽ ഇടത്തരം ചെറുകിട സംരംഭങ്ങൾക്കും പ്രോൽസാഹനം നൽകും. ഇതായിരിക്കും ടൂറിസം നയത്തിന്റെ ഒരു പ്രധാനവശം.
4. തിരുവനന്തപുരം-കാസർകോട് ജലപാതയുടെ പണി എത്രയുംവേഗം പൂർത്തിയാക്കി വിനോദസഞ്ചാരത്തിന് ഉപയുക്തമാക്കും. സംസ്ഥാനത്തെ 14 വന്യജീവികേന്ദ്രങ്ങളെ സംരക്ഷിച്ച് വിനോദസഞ്ചാരകേന്ദ്രങ്ങളാക്കും.
5. ഈ മേഖലയിലേക്ക് ആവശ്യമായ വിദഗ്ധരെ പരിശീലിപ്പിക്കുന്നതിന് KITTS, KIHMS എന്നിവയുടെ പ്രവർത്തനം ആധുനീകരിക്കും.
6. അടുത്ത അഞ്ചുവർഷത്തിനുള്ളിൽ ഈ മേഖലയിൽ 5000 കോടി രൂപയുടെ നിക്ഷേപവും പുതുതായി നേരിട്ട് ആറുലക്ഷം പേർക്കും പരോക്ഷമായി 12 ലക്ഷം പേർക്കും തൊഴിലും ഉണ്ടാക്കുന്നതാണ്.
7. ടൂറിസം പ്രധാനമായിട്ടുള്ള മറ്റു രാജ്യങ്ങളുടെ അനുഭവം കണക്കിലെടുത്ത് കേരളത്തിന്റെ പാരമ്പര്യവും സാംസ്കാരിക തനിമകളും സംരക്ഷിക്കുന്നതിനുവേണ്ട ജാഗ്രത പുലർത്തുന്നതാണ്.
8. ടൂറിസം മേഖലയിൽ ഒരു ഉന്നതപരിശീലന-ഗവേഷണസ്ഥാപനം ആരംഭിക്കും.

## *6. വൈദ്യുതിരംഗം*

1. ഇന്നത്തെ വൈദ്യുതി സ്വയംപര്യാപ്തതകൊണ്ട് നമുക്ക് തൃപ്തരാകാനാവില്ല. ദ്രുതഗതിയിലുള്ള വ്യാവസായികവികസനത്തിന്

വൈദ്യുതി ഉൽപാദനം വർദ്ധിച്ചേ തീരൂ. അടുത്ത അഞ്ചുവർഷം കൊണ്ട് 1500 മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.

2. പരിസ്ഥിതിസംരക്ഷണം ഉറപ്പുവരുത്തിക്കൊണ്ട് ജലവൈദ്യുതി പദ്ധതികൾക്ക് മുൻഗണനന നൽകും. നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി തീർക്കുകയും പൂയംകുട്ടി, കുരിയാർ, കുറ്റികാരപ്പാറ എന്നീ പദ്ധതികളുടെ അനുമതിക്കായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുകയും ചെയ്യും. കേരള ബാരപ്പോൾ, കേരളഭവാനി, ചോളത്തിപ്പുഴ, ചാലിപ്പുഴ, പാണ്ടിയാർ, പുന്നപ്പുഴ തുടങ്ങിയ പദ്ധതികളെപ്പറ്റിയുള്ള അന്തർസംസ്ഥാന തർക്കങ്ങൾ പരിഹരിച്ച് പണിയാരംഭിക്കാൻ നടപടിയെടുക്കുന്നതാണ്. അതിരപ്പിള്ളി (163 മെഗാവാട്ട്), കുറ്റ്യാടി (100 മെഗാവാട്ട്), നേര്യമംഗലം എക്സ്റ്റൻഷൻ എന്നീ പദ്ധതികൾ നടപ്പിലാക്കും.

3. ചൈനീസ് മാതൃകയിൽ ചെറുകിട ഇടത്തരം ജലവൈദ്യുതപദ്ധതികൾ (മൊത്തം 500 മെഗാവാട്ട്) ആരംഭിക്കും.

4. കായംകുളം പദ്ധതി വിപുലീകരിക്കുന്നതോടൊപ്പം എൽ.എൻ.ജി ഉപയോഗിച്ച് ചെലവ് കുറഞ്ഞ വൈദ്യുതി ഉൽപാദനം ഉറപ്പുവരുത്തും. ഇത്തരത്തിൽ തൃക്കരിപ്പൂർ വൈദ്യുതിനിലയം സ്ഥാപിക്കും.

5. വിതരണ-പ്രസരണ നഷ്ടം ഇനിയും കുറയ്ക്കും. പ്രസരണരംഗത്ത് ഉദുമൽപ്പെട്ട്-മാടക്കത്തറ 400 കെ.വി. സബ്ലൈൻ പൂർത്തിയാക്കും. പോത്തൻകോട് 400 കെ.വി സബ്സ്റ്റേഷനിൽ നിന്ന് കോഴിക്കോട് 400 കെ.വി. സബ്സ്റ്റേഷൻവരെ പവ്വർഹൈവേ നിർമ്മിക്കും. നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന 159 സബ്സ്റ്റേഷനുകളുടെ പണി പൂർത്തീകരിക്കും. പുതിയ സബ്സ്റ്റേഷനുകൾ ആരംഭിക്കും.

6. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ 20 ലക്ഷം പേർക്ക് പുതിയ വൈദ്യുതി കണക്ഷൻ നൽകും.

7. സംസ്ഥാനത്ത് എവിടെയും വൈദ്യുതി ബിൽ അടക്കുന്നതിന് ഉപഭോക്താക്കൾക്ക് സൗകര്യപ്രദമായ നിലയിൽ കംപ്യൂട്ടർ സംവിധാനം ഏർപ്പെടുത്തും. ഉപഭോക്താക്കൾക്ക് വൈദ്യുതി ബില്ലിന്റെ പണം ഏത് ഓഫീസിലും അടക്കാം. പ്രഭാത, സായാഹ്ന കൗണ്ടറുകളും, ഞായറാഴ്ച കൗണ്ടറുകളും തുറക്കും. മുൻകൂറായി കറന്റ് ചാർജ് കാലപരിധിയില്ലാതെ തന്നെ അടക്കാൻ സൗകര്യം ഉണ്ടാക്കും. വലിയതോതിൽ അരിയർ ബില്ലുകൾ ഉണ്ടായി ഉപഭോക്താവ് നേരിടുന്ന പ്രയാസങ്ങൾ ലഘൂകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

8. ദക്ഷതകൂടിയ അടുപ്പുകളുടെ വ്യാപനം ഊർജിതപ്പെടുത്തും. 5 വർഷംകൊണ്ട് നാലിലൊന്നു വീടുകളിൽ ഇവ സ്ഥാപിക്കും.

9. പാരമ്പര്യേതര ഊർജ്ജം കൂടുതൽ വ്യാപകമാക്കാൻ പദ്ധതികൾ

നടപ്പാക്കും.

10. എനർജി മാനേജ്മെന്റ് സെന്ററിന്റെ പ്രവർത്തനം വിപുലീകരിക്കും.

## *7. ഗതാഗതം*

1. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളമായി പ്രഖ്യാപിച്ചെങ്കിലും ഇതിന്റെ നിർമ്മാണജോലികൾ ഇനിയും പൂർത്തീകരിച്ചിട്ടില്ല. കൊച്ചി വിമാനത്താവളത്തിന് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ എല്ലാ സൗകര്യങ്ങളും ഉണ്ടെങ്കിലും ഇതേവരെ അതിനെ ആ നിലയിലേക്ക് ഉയർത്തിയിട്ടില്ല. ഇവ നേടുന്നതിനുള്ള നടപടി സ്വീകരിക്കും. കോഴിക്കോട് വിമാനത്താവളം വികസിപ്പിക്കാനും കണ്ണൂരിൽ കേന്ദ്രം പ്രഖ്യാപിച്ച വിമാനത്താവളം സ്ഥാപിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കും.
2. തീരദേശ എക്സ്പ്രസ്സ് ഹൈവേ, വടക്ക് തെക്ക് ദേശീയ എക്സ്പ്രസ്സ് ഹൈവേയുടെ ഭാഗമായി പ്രഖ്യാപിക്കാൻ കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തും.
3. കേരളത്തിന്റെ തെക്ക് മുതൽ വടക്ക് വരെയുള്ള നാഷണൽ ഹൈവേ ശൃംഖല നാലുവരി പാതയാക്കും. നാഷണൽ ഹൈവേയുടെ നവീകരണത്തിനും റയിൽപാത ഇരട്ടിപ്പിക്കുന്നതിനും വൈദ്യുതീകരിക്കുന്നതിനുമുള്ള നടപടികൾ ഊർജ്ജിതപ്പെടുത്താൻ കേന്ദ്രസർക്കാരിനുമേൽ സമ്മർദ്ദം ചെലുത്തുന്നതാണ്.
4. കോഴിക്കോട്-കണ്ണൂർ റൂട്ടിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് വേണ്ടി പ്രധാനനഗരങ്ങളിൽ സമാന്തര ഹൈവേ യുദ്ധകാലാടിസ്ഥാനത്തിൽ നിർമ്മിക്കും.
5. ഏഴിമല നേവൽ അക്കാദമിക്കുവേണ്ടി 2400 ഏക്കർ ഭൂമി നൽകുന്നതുൾപ്പടെ എല്ലാ പശ്ചാത്തലസൗകര്യങ്ങളും കേരള സർക്കാർ ചെയ്തുകൊടുത്തെങ്കിലും 17 വർഷം കഴിഞ്ഞിട്ടും ഈ പദ്ധതി കേന്ദ്രഗവൺമെന്റ് ആരംഭിച്ചിട്ടില്ല. ഇക്കാര്യത്തിൽ കേന്ദ്രത്തിനുമേൽ ശക്തമായ സമ്മർദ്ദം ചെലുത്തും.
6. കേരളത്തിന്റെ തെക്കെ അറ്റത്തെയും വടക്കെ അറ്റത്തെയും ബന്ധിപ്പിക്കുന്ന ദേശീയ ജലപാത പ്രാവർത്തികമാക്കും. ജലപാതയോട് ബന്ധപ്പെടുത്തി പ്രമുഖ കേന്ദ്രങ്ങളിൽ ആധുനിക ട്രാൻസ്ഷിപ്പ്മെന്റ് സൗകര്യങ്ങൾ ഏർപ്പെടുത്തും. ടൂറിസവുമായും ഈ ജലപാതയെ ബന്ധപ്പെടുത്തും.
7. പുതിയ റെയിൽപാതകൾ, പാത ഇരട്ടിപ്പിക്കൽ, വൈദ്യുതീകരണം, കേരളത്തിനു പ്രത്യേകമായി റെയിൽവേ സോൺ രൂപീകരണം, യാത്രക്കാരുടെ സൗകര്യങ്ങളും സ്റ്റേഷൻ പരിഷ്കരണവും, റെയിൽവേ മേൽപ്പാല നിർമ്മാണം മുതലായ കാര്യങ്ങളിൽ കേന്ദ്രത്തിൽ സമ്മർദ്ദം

ചെലുത്തും.

8. കൊച്ചി തുറമുഖത്തെ ആധുനികവൽക്കരിക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കും. ഗോശ്രീ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കും. മെട്രോ കോർപ്പറേഷൻ രൂപീകരിച്ച് നഗര റെയിൽവൽക്കരണം ഊർജിതമാക്കും. കോർപ്പറേഷൻ മേഖലയിൽ ഫ്ളൈ ഓവറുകളും മറ്റു ഗതാഗത സൗകര്യങ്ങളും വിപുലപ്പെടുത്തുന്നതിനുള്ള മാസ്റ്റർപ്ലാൻ സമയബന്ധിതമായി നടപ്പാക്കും.

9. കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം കഴിഞ്ഞ 5 വർഷക്കാലത്ത് ഗണ്യമായി മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. സർവ്വീസുകളുടെ ദൈർഘ്യം ഇക്കാലത്ത് 4 ലക്ഷം കിലോമീറ്റർ വർദ്ധിച്ചു. വരുമാനവർദ്ധനയിലും റേക്കോർഡ് നേട്ടം കൈവരിക്കാൻ കഴിഞ്ഞു. 10043 ജീവനക്കാരെ സ്ഥിരപ്പെടുത്തി. 6 ഓപ്പറേറ്റിംഗ് സെന്ററുകളും 10 സബ്ഡിപ്പോകളും പുതുതായി ആരംഭിച്ചു. ഹഡ്കോയുടെയും ജില്ലാസഹകരണ ബാങ്കുകളുടെയും സാമ്പത്തിക സഹായത്തോടെ 2200 ഓളം ബസ്സുകൾ പുതുതായി വാങ്ങി സർവ്വീസ് നടത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ഇനിയും കൂടുതൽ പുതിയ ബസ്സുകൾ വാങ്ങി സർവ്വീസ് ആരംഭിക്കുന്നതിനും, നിലവിലുള്ള സർവ്വീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കും. തൊഴിലാളികളുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ കെ.എസ്.ആർ.ടി.സി നൽകിവരുന്ന സാമൂഹ്യ സേവനം മെച്ചപ്പെടുത്തിക്കൊണ്ട് കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം ലാഭകരമാക്കി തീർക്കും.

10. ജലഗതാഗത വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്താനും, വിനോദ സഞ്ചാര വികസനം കൂടി കണക്കിലെടുത്ത് കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കും.

11. മോട്ടോർവാഹനവകുപ്പിന്റെ പ്രവർത്തനം ആധുനികവൽക്കരിക്കും. പൊതുജനങ്ങൾക്കു നൽകുന്ന വിവിധയിനം സേവനങ്ങൾ കാലതാമസം കൂടാതെ ലഭ്യമാക്കുമെന്ന് ഉറപ്പു വരുത്തും.

## *8. വനം*

1. വന സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകും. വനം-വന്യജീവി സംരക്ഷണ ത്തെക്കുറിച്ചും പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ചും ജനങ്ങളിൽ അവബോധം സൃഷ്ടിക്കാൻ കർമ്മ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കും.

2. വീട്ടാവശ്യത്തിനും വ്യവസായ ആവശ്യത്തിനും വേണ്ടി വരുന്ന വനോൽപന്നങ്ങളുടെ ഉൽപാദനം വർദ്ധിപ്പിക്കാൻ സാമൂഹ്യ വനവൽക്കരണ

പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കും.

3. വർദ്ധിച്ചു വരുന്ന തടിയുടെ ആവശ്യകത കണക്കിലെടുത്ത് തരിശുഭൂമിയിലും പുറമ്പോക്കു ഭൂമിയിലും ഫലവൃക്ഷങ്ങളും തേക്കും മറ്റും വച്ചു പിടിപ്പിക്കുന്നതിനും അവ സംരക്ഷിക്കുന്നതിനുമുള്ള പരിപാടികൾ ആവിഷ്കരിച്ചു നടപ്പിൽ വരുത്തും.

## *9. വിദ്യാഭ്യാസവും സ്പോർട്സും*

1. പൊതുവിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം കാലോചിതമായി മെച്ചപ്പെടുത്തുന്നതിനും ഗുണനിലവാരം ഉയർത്തുന്നതിനും പരീക്ഷകളിലെ പരാജയം കുറക്കുന്നതിനും വേണ്ടിയുള്ള സമഗ്രമായ പാഠ്യപദ്ധതി പരിഷ്കാരം പ്രൈമറി തലത്തിൽ പൂർത്തിയായിട്ടുണ്ട്. ഇത് ഹയർസെക്കണ്ടറി തലത്തിലേക്ക് വ്യാപിപ്പിക്കും. 5 വർഷംകൊണ്ട് എസ്.എസ്.എൽ.സി വിജയശതമാനം മോഡറേഷനില്ലാതെ ഗണ്യമായി ഉയർത്തും. ഹയർ സെക്കണ്ടറി വിദ്യാഭ്യാസം തൊഴിലുന്മുഖവും വൈവിധ്യമാർന്നതും ഉയർന്ന നിലവാരമുള്ളതുമാക്കും.

2. അധ്യാപക പുനഃപരിശീലനം സാർവ്വത്രികവും, കൂടുതൽ ഫലപ്രദവുമാക്കും.

3. പ്രീ–പ്രൈമറി വിദ്യാഭ്യാസം സാർവ്വത്രികമാക്കും. ഇതിനുതകുന്ന രീതിയിൽ അംഗൻവാടികളിലെ സൗകര്യം മെച്ചപ്പെടുത്തും. പ്രീ–പ്രൈമറി കുട്ടികൾക്ക് പോഷകാഹാരപരിപാടി മെച്ചപ്പെടുത്തും.

4. പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യമായി ഉച്ചഭക്ഷണം നൽകുന്ന പരിപാടി തുടരുന്നതാണ്.

5. സ്കൂൾ വിദ്യാഭ്യാസത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് നിയമഭേദഗതിവഴി കൂടുതൽ അധികാരവും ചുമതലയും നൽകിയിട്ടുണ്ട്. വിഭവസമാഹരണത്തിനുകൂടി അവയെ അധികാരപ്പെടുത്തും. അവയുടെയും അധ്യാപക-രക്ഷാകർതൃസംഘടനകളുടെയും നാട്ടുകാരുടെയും സഹായത്തോടെ സ്കൂളുകളുടെ സ്ഥിതി മെച്ചപ്പെടുത്തും. കൊഴിഞ്ഞുപോക്ക് തടയും. സ്കൂളുകളിൽ വേണ്ടത്ര അധ്യാപകർ എപ്പോഴും ഉണ്ടെന്നു ഉറപ്പുവരുത്തും. ഏറ്റവും യോഗ്യതയുള്ളവർ അധ്യാപകരായി നിയമക്കപ്പെടുന്ന സാഹചര്യം സൃഷ്ടിക്കും.

6. സ്കൂൾ വിദ്യാഭ്യാസനടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ആ വകുപ്പിൽ സമഗ്രമായ പരിഷ്കാരം നടപ്പാക്കും. അതിനുപകരിക്കുന്ന തരത്തിൽ നിലവിലുള്ള സംവിധാനത്തെ വിലയിരുത്തി ദുർവ്യയം

ഒഴിവാക്കും. നിലവാരം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ വിഭവങ്ങൾ ലഭ്യമാക്കും.

7. തുടർവിദ്യാഭ്യാസ കേന്ദ്രങ്ങളെ പ്രാദേശികാസൂത്രണവുമായി ബന്ധപ്പെടുത്തും. നിരക്ഷകർക്കും നവസാക്ഷരർക്കും വേണ്ടിയുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും. കായികമോ മാനസികമോ ആയ വൈകല്യമുള്ള കുട്ടിൾക്ക് വേണ്ടി കൂടുതൽ വിദ്യാലയങ്ങൾ ആരംഭിക്കും. ഇത്തരം കുട്ടികളെ സാധാരണ കുട്ടികളോടൊപ്പം എത്തിച്ച് സാധാരണജീവിതം നയിക്കുന്നതിന് ഇതുവഴി അവരെ സജ്ജരാക്കും.

8. പ്രീഡിഗ്രി കോഴ്സ് നിർത്തലാക്കിയ സാഹചര്യത്തിൽ ബിരുദ–ബിരുദാനന്തര കോഴ്സുകൾ കാലോചിതമായി പരിഷ്കരിക്കും. അവയെ വൈവിധ്യവൽക്കരിക്കുകയും ഉയർന്ന നിലവാരത്തിലുള്ളതാക്കുകയും ചെയ്യും. നിലവിലുള്ള വിഷയങ്ങൾ പുതിയ പരിത:സ്ഥിതികൾക്കൊത്തവിധം കൈകാര്യം ചെയ്യും. ഐ.ടി, ബയോടെക്നോളജി മുതലായ അത്യാധുനിക വിഷയങ്ങളിൽ പുതിയ കോഴ്സുകൾ ഏർപ്പെടുത്തും. വിദ്യാഭ്യാസം പൂർത്തിയാക്കുന്ന യുവാക്കൾക്ക് സംസ്ഥാനത്തിനകത്തോ പുറത്തോ തൊഴിൽ ലഭിക്കാൻ സഹായിക്കുന്നതരത്തിലായിരിക്കും ഇതെല്ലാം ചെയ്യുക. ഇതിന് അനുയോജ്യമായ രീതിയിൽ സർവകലാശാലകൾ ഉൾപ്പടെ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ലക്ഷ്യങ്ങളും പ്രവർത്തനവും പരിഷ്കരിക്കും. ദരിദ്രരും പിന്നോക്ക–ദുർബലവിഭാഗങ്ങളിൽപ്പെടുന്നവരുമായ യുവതീയുവാക്കൾക്ക് പഠനസൗകര്യങ്ങൾ ഉറപ്പുവരുത്തിക്കൊണ്ടായിരിക്കും ഇതെല്ലാം ചെയ്യുക.

9. സമ്പൂർണ്ണസാക്ഷരത, തുടർസാക്ഷരതാ പരിപാടികൾ ശക്തിപ്പെടുത്തും.

10. എൽ.ഡി.എഫ് ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ നാഷണൽ ഗെയിംസിൽ കേരളം എട്ടാം സ്ഥാനത്തായിരുന്നത് ഇംഫാൽ നാഷണൽ ഗെയിംസിൽ ഒന്നാം സ്ഥാനത്തേക്കു് ഉയർന്നു. ഇന്ത്യയിൽ കായികരംഗം കൂടുതൽ ജനകീയമാക്കും. ഇതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കും. കേരളീയ കായികതാരങ്ങളെ സംസ്ഥാനത്ത് തന്നെ നിലനിർത്താനാവശ്യമായ ജീവിത സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യും.

## *10. ആരോഗ്യവും കുടിവെള്ളവും*

1. പ്രാഥമിക ആരോഗ്യസേവനത്തിനും രോഗപ്രതിരോധത്തിനും ഊന്നൽ നൽകിക്കൊണ്ടുള്ള സമീപനം മുറുകെപ്പിടിക്കുന്നതാണ്. എന്നാൽ ഇതിനോടൊപ്പം കൂടുതൽ ഉന്നതാരോഗ്യസ്ഥാപനങ്ങളും കേരളത്തിന് ആവശ്യമുണ്ട്. പൊതുആരോഗ്യ സംവിധാനങ്ങളെ ശക്തിപ്പെടുത്തും.

ആധുനിക ശാസ്ത്രസാങ്കേതിക സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകളും ഗവേഷണ സൗകര്യങ്ങളുമുള്ള സ്ഥാപനങ്ങളായി പ്രധാന മെഡിക്കൽ കോളേജുകളെ ഉയർത്തും. മെഡിക്കൽ പഠന സൗകര്യത്തിന് നിലവിലുള്ള സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കും.

2. മുഴുവൻ കുടുംബങ്ങൾക്കും വിശദമായ വൈദ്യപരിശോധന നടത്തി കുടുംബ ആരോഗ്യറെക്കോർഡ് തയ്യാറാക്കും. ഇവ കംപ്യൂട്ടറൈസ് ചെയ്ത് പൊതു ആരോഗ്യസംവിധാനത്തെ ശക്തിപ്പെടുത്തും.

3. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ആശുപത്രികളുടെ നടത്തിപ്പിലുള്ള പങ്കാളിത്തം വർദ്ധിപ്പിക്കും ആശുപത്രി ചിലവുകൾക്കുള്ള പണം ഭാഗികമായി പ്രാദേശികമായി സ്വരൂപിക്കുന്നതിനും അവകാശം നൽകും.

4. ജീവനക്കാരുടെ ജോലിസമയം എട്ടു മണിക്കൂറായി നിശ്ചയിക്കും. ഡോ. പൈ കമ്മീഷൻ ശുപാർശകൾ പ്രകാരമുള്ള ജീവനക്കാരെ നിയമിക്കും. മെഡിക്കൽ വിദ്യാഭ്യാസരംഗത്തെ പോരായ്മകൾ പരിഹരിക്കുവാനും ഉന്നത വിദ്യാഭ്യാസസൗകര്യം വർദ്ധിപ്പിക്കാനുമായി സ്ഥാപനങ്ങൾ ഉണ്ടാക്കുന്ന കാര്യം പ്രായോഗികമായി പരിശോധിക്കും. പാരാമെഡിക്കൽ വിഭാഗക്കാരെ പരിശീലിപ്പിക്കുന്നതിനുള്ള സൗകര്യങ്ങളും സംവിധാനങ്ങളും ഉണ്ടാക്കും.

5. എൽ.ഡി.എഫ്. ഭരണകാലത്ത് കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും അലോപ്പതി സമ്പ്രദായത്തിലുള്ള ചികിൽസാസ്ഥാപനങ്ങൾ സ്ഥാപിക്കുക എന്ന ലക്ഷ്യം പൂർത്തീകരിച്ചുകഴിഞ്ഞു. അടുത്ത അഞ്ചുവർഷത്തി നുള്ളിൽ ആയുർവേദ-ഹോമിയോ ഡിസ്പെൻസറികൾ എല്ലാ പഞ്ചായത്തുകളിലും സ്ഥാപിക്കും. അതോടൊപ്പം സിദ്ധ, യുനാനി, പ്രകൃതിചികിൽസ തുടങ്ങിയ സമ്പ്രദായങ്ങളെ പ്രോൽസാഹിപ്പിക്കുകയും അവയ്ക്കുള്ള സൗകര്യങ്ങൾ വിപുലീകരിക്കുകയും ചെയ്യും.

6. കേരളത്തിന് ഒരു ജലനയം ആവിഷ്കരിക്കും. എല്ലാവിഭാഗം ജനങ്ങൾക്കും വീട്ടാവശ്യങ്ങൾക്കും കൃഷിക്കും വേണ്ടത്ര വെള്ളം ഈ നയത്തിന്റെ അടിസ്ഥാനത്തിൽ ലഭ്യമാക്കും. ജലത്തിന്റെ സംഭരണം, മാനേജ്മെന്റ്, വിനിയോഗം എന്നിവ സംബന്ധിച്ച് സമൂഹത്തിലാകെ പുതിയ ധാരണ ഉണ്ടാക്കും. കേരളത്തിന്റെ താൽപര്യങ്ങൾ സംരക്ഷിച്ചുകൊണ്ടും അയൽ സംസ്ഥാനങ്ങളോട് വിവേചനം കാണിക്കാതെയുമായിരിക്കും ഇതു ചെയ്യുക.

7. അഞ്ചുവർഷത്തിനുള്ളിൽ കേരളത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കും. ഇതിനകം ഒട്ടേറെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഫലപ്രദമെന്ന് തെളിയിച്ചിട്ടുള്ള രീതിയിൽ ജനകീയാസൂത്രണ കുടിവെള്ള പരിപാടികൾ ആവിഷ്കരിച്ചുകൊണ്ടായിരിക്കും ഇത് ചെയ്യുക. ഒരുവർഷത്തിനുള്ളിൽ എല്ലാ ജില്ലകളിലും ഇതിനുള്ള സമഗ്രപരിപാടികൾ തയ്യാറാക്കുന്നതാണ്. ലോകബാങ്കിന്റേതടക്കമുള്ള കുടിവെള്ള പരിപാടികൾ ഇതുമായി

സംയോജിപ്പിച്ചായിരിക്കും നടപ്പിലാക്കുക. സഹകരണമേഖലയുടെ സഹായവും പങ്കാളിത്തവും ഇതിന് ലഭ്യമാക്കും. കെ.ഡബ്ല്യൂ.എ-വൻകിട ജലവിതരണ പരിപാടികൾ മാത്രമായിരിക്കും ഇനിമേൽ ഏറ്റെടുക്കുക.

8. ഇപ്പോൾ നാല് ജില്ലകളിൽ ആരംഭിച്ചിരിക്കുന്ന സമ്പൂർണ്ണ ശുചിത്വപരിപാടി സാർവത്രികമാക്കും. ഓരോ വീടിനും കക്കൂസ് ഉറപ്പാക്കും. അതോടൊപ്പം പൊതുമാലിന്യ നിർമ്മാർജനത്തിനും ശുചിത്വബോധവൽക്കരണത്തിനും പ്രാധാന്യം നൽകും.

9. പാവപ്പെട്ട രോഗികൾക്ക് ആശ്വാസമേകാൻ സമഗ്രമായ ഒരുമെഡിക്കൽ ഇൻഷുറൻസ് പദ്ധതി ആവിഷ്കരിക്കും. ഔഷധവിലവർദ്ധനമൂലം നട്ടം തിരിയുന്ന രോഗികൾക്ക് ആശ്വാസം നൽകാൻ നീതിന്യായ മെഡിക്കൽസ്റ്റോറുകൾ വിപുലമാക്കുകയും വ്യാപിപ്പിക്കുകയും ചെയ്യും.

## *11. പാർപ്പിടവും സാമൂഹ്യക്ഷേമവും*

1. അഞ്ചുവർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ കുടുംബങ്ങൾക്കും വീട് നിർമ്മിച്ച് നൽകും. ദരിദ്രർക്ക് സൗജന്യമായിട്ടായിരിക്കും വീട് നൽകുക. 8 ലക്ഷം വീടുകൾ പുതുതായി നിർമ്മിക്കും.

2. പൊതുവിതരണസമ്പ്രദായം നിലനിർത്തുന്നതിനുള്ള നടപടികൾ പൂർവ്വാധികം ശക്തിപ്പെടുത്തുന്നതാണ്.

3. പുറമ്പോക്ക് നിവാസികൾക്ക് പട്ടയം നൽകും. പട്ടയം നൽകാൻ പറ്റാത്ത ഭൂമിയുള്ളവരെ പുനരധിവസിപ്പിക്കും.

4. കർഷകതൊഴിലാളി പെൻഷൻ ഉയർത്തും. ഇതുപോലെ തന്നെ മറ്റ് പെൻഷനുകളും ഉയർത്തുന്നതാണ്.

5. സമാനമായ ക്ഷേമനിധി പെൻഷൻ സ്കീമുകളെ സംയോജിപ്പിച്ചുകൊണ്ട് കേരളത്തിലെ സംഘടിത മേഖലയിലെ മുഴുവൻ കുടുംബങ്ങൾക്കും വേണ്ടിയുള്ള ഒരു സമ്പൂർണ്ണ സാമൂഹ്യസുരക്ഷിതത്വക്ഷേമ സ്കീം ആവിഷ്കരിക്കുന്നതാണ്. അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ സഹായത്തോടെയായിരിക്കും ഈ സ്കീം ആവിഷ്കരിക്കുക.

6. അംഗവൈകല്യമുള്ളവർക്കുള്ള ആനുകൂല്യങ്ങൾ ഉയർത്തും. ഇവർക്കായി സന്നദ്ധസംഘടനകളുടെ സഹായത്തോടെ കൂടുതൽ പുനരധിവാസ സ്ഥാപനങ്ങൾ ആരംഭിക്കും. അവയിലേക്ക് പ്രാദേശിക പദ്ധതികളുടെ ഭാഗമായി പരിശീലനാർത്ഥികളെ സ്പോൺസർ

ചെയ്യുന്നതിന് അനുവദിക്കും.

7. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും സന്നദ്ധസംഘടനകളുടെയും സഹകരണത്തോടെ എല്ലാ ബ്ലോക്കുകളിലും നഗരങ്ങളിലും കൗൺസലിംഗ് സെന്ററുകൾ സ്ഥാപിക്കുന്നതാണ്. പൊന്നാനി ബ്ലോക്ക് മാതൃകയിൽ ആത്മഹത്യാപ്രവണതയ്ക്കെതിരെ പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതാണ്.
8. അനാഥാലയങ്ങളുടെ പ്രവർത്തനം മാനുഷികവും കാര്യക്ഷമവുമാക്കും.
9. വയോജനനയം രൂപീകരിക്കുന്നതാണ്. 65 വയസ്സുകഴിഞ്ഞ രോഗബാധിതർക്ക് കുറഞ്ഞ നിരക്കിൽ മരുന്ന് ലഭ്യമാക്കാൻ പദ്ധതി ആവിഷ്കരിക്കും.

## *12. സാംസ്കാരികരംഗം*

1. കേരളത്തിന്റെ തലസ്ഥാനനഗരയിൽ കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് വേണ്ടി നിർമ്മാണം പൂർത്തിയാക്കിയ മാനവീയം വൈലോപ്പിള്ളി സംസ്കൃതി ഭവന്റെ മാതൃകയിൽ പഞ്ചായത്ത് മുനിസിപ്പൽ പ്രദേശങ്ങളിൽ സാംസ്കാരിക മന്ദിരസമുച്ചയങ്ങൾ നിർമ്മിക്കും. സംഗീതം, കഥകളി, ചിത്രകല, ചരിത്രം എന്നീ രംഗങ്ങളിലെ പ്രഗത്ഭമതികൾക്ക് അവരുടെ സമഗ്രസംഭാവനയെ മുൻനിർത്തി ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ഏർപ്പെടുത്തിയ പുരസ്കാരങ്ങൾ തുടർന്ന് നൽകുകയും ആദിവാസി നാടൻ കലാരംഗത്തുള്ള സമഗ്രസംഭാവനകൾക്ക് പുതുതായി സംസ്ഥാനതല പുരസ്കാരം ഏർപ്പെടുത്തുകയും ചെയ്യും.
2. തൃപ്പൂണിത്തുറ ഹിൽപാലസിൽ പുരാവസ്തു ഗവേഷണങ്ങൾക്കു വേണ്ടി ആവിഷ്കൃതമായ ആദ്യത്തെ സംസ്ഥാനതല ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം സജീവമാക്കും.
3. ചരിത്രഗവേഷണ രംഗത്ത് ഒരു പുതിയ അധ്യായം സമാരംഭിച്ചുകൊണ്ട് കേരള സംസ്ഥാന ചരിത്രഗവേഷണ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. പഞ്ചായത്ത്, മുനിസിപ്പൽ തലങ്ങളിൽ ചരിത്രമ്യൂസിയങ്ങൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കും.
4. സാമ്പത്തിക ക്ലേശം അനുഭവിക്കുന്ന ആയിരം കലാപ്രവർത്തകർക്ക് കൂടി പ്രതിമാസം 500 രൂപ നിരക്കിൽ പെൻഷൻ നൽകും. അശരണരും രോഗബാധിതരുമായ കലാപ്രവർത്തകർക്ക് വേണ്ടി നടപ്പാക്കിത്തുടങ്ങിയ ചികിൽസാസഹായപദ്ധതി കൂടുതൽ തുക നീക്കിവച്ച് വ്യാപകമാക്കും.
5. ചലച്ചിത്ര ആസ്വാദന പഠനഗവേഷണ രംഗങ്ങളിൽ ഊന്നൽ നൽകുന്ന സ്ഥാപനമായി സംസ്ഥാന ചലച്ചിത്ര അക്കാദമിയെ മാറ്റിയെടുക്കും.

ചലച്ചിത്രരംഗത്തെ പ്രതിസന്ധി പരിഹരിക്കാൻ സജീവമായി നടപടികൾ സ്വീകരിക്കും.

## 13. പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമം

1. എല്ലാ കോളനികളിലും അഞ്ചുവർഷം കൊണ്ട് കുടിവെള്ളവും സമ്പൂർണ്ണ വൈദ്യുതീകരണവും സമ്പൂർണ്ണ ശുചിത്വവും ഉറപ്പുവരുത്തും.

2. ഭൂരഹിതരും ഭവനരഹിതരുമായി അവശേഷിക്കുന്ന മുഴുവൻ പേർക്കും രണ്ട് വർഷത്തിനുള്ളിൽ സ്ഥലവും വീടും ലഭ്യമാക്കും.

3. മോഡൽ റസിഡൻഷ്യൽ സ്കൂൾ സൗകര്യം ഇരട്ടിയാക്കും. പ്രത്യേക കോച്ചിംഗ് മുതലായ സൗകര്യങ്ങൾ ഏർപ്പാട് ചെയ്യും. സ്വകാര്യ റെസിഡൻഷ്യൽ സ്കൂളുകളിലേക്ക് പട്ടികവിഭാഗ കുട്ടികളെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വഴി സ്പോൺസർ ചെയ്യുന്ന സ്കീം വിപുലപ്പെടുത്തും.

4. അന്യസംസ്ഥാനങ്ങളിൽ അംഗീകൃത സാങ്കേതിക പ്രൊഫഷണൽ കോഴ്സുകളിൽ ചേരുന്നവർക്ക് സംസ്ഥാനത്തെ നിരക്കിൽ ആനുകൂല്യങ്ങൾ ലഭ്യമാക്കും.

5. തിരുവനന്തപുരം, കോട്ടയം, തൃശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നഴ്സിംഗ് കോഴ്സുകളും, പാരാമെഡിക്കൽ കോഴ്സുകളും ആരംഭിക്കും.

6. 10,000 പട്ടികജാതി കുടുംബങ്ങൾക്ക് കൂടി 50 സെന്റ് കൃഷിഭൂമി നൽകും. ഒരുവർഷത്തേക്ക് കൃഷിചെലവ് സൗജന്യമായി നൽകും.

7. പാർപ്പിട പ്രശ്നം പരിഹരിക്കുന്നതോടെ പട്ടികജാതിക്കാർക്ക് വേണ്ടിയുള്ള വികസനപ്രവർത്തനങ്ങളുടെ ഊന്നൽ വരുമാനവർധനവിന് ഉതകുന്ന തരത്തിലുള്ള സ്കീമുകളിലേക്ക് തിരിക്കുന്നതാണ്. ഈ മേഖലയിലെ സഹകരണസംഘങ്ങൾ സമഗ്രമായി വിലയിരുത്തി പുന:സംഘടിപ്പി ക്കുന്നതാണ്. പട്ടികജാതി–വർഗക്കാരായ സ്വകാര്യസംരംഭ കർക്ക് വേണ്ടി പ്രത്യേക ആനുകൂല്യപരിപാടികൾ ആവിഷ്കരിക്കും.

8. ഊരുകൂട്ടങ്ങളെ അടിസ്ഥാനമാക്കിയുള്ള സംഘടനാപ്രവർത്തന ങ്ങളിലൂടെ പട്ടികവർഗവികസന പ്രക്രിയയിലെ ദൗർബല്യങ്ങൾ പരിഹരിക്കും. കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ മാതൃകയിൽ പട്ടികവർഗക്കാരുടെ വികസന ബോധവൽക്കരണത്തിനായി പ്രചരണങ്ങൾ ശക്തിപ്പെടുത്തും. ഈ സംവിധാനങ്ങളിൽ നിന്നുതന്നെ

സർക്കാർ ചെലവിൽ അഭ്യസ്തവിദ്യരായ സാമൂഹ്യസന്നദ്ധ പ്രവർത്തകരെ നിയമിച്ചുകൊണ്ടുള്ള സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്. പ്രത്യേക ഘടകപദ്ധതിക്ക് വേണ്ടിയുള്ള പഞ്ചായത്തുതല കോർഡിനേറ്റർമാരുടെ സംവിധാനവും തുടരുന്നതാണ്.

## 14. വനിതാവികസനം

1. സംസ്ഥാനസർക്കാരിന്റെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും എല്ലാ പ്രൊജക്റ്റുകളിലും സ്കീമുകളിലും സ്ത്രീപരിഗണന ഉറപ്പുവരുത്തും. ഇതിന് പുറമെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വനിതാ ഘടകപദ്ധതിയുടെ മാതൃകയിൽ സംസ്ഥാനതലത്തിലും സംസ്ഥാന പദ്ധതിയിലും വനിതാഘടക പദ്ധതി നിഷ്കർഷിക്കും.

2. താൽപര്യമുള്ള ഏത് കുടുംബത്തിലെയും വനിതയ്ക്കും അംഗമാകാവുന്ന തരത്തിൽ കുടുംബശ്രീ വനിതാ അയൽക്കൂട്ടങ്ങൾ സാർവത്രികമാക്കും. അടുത്ത രണ്ടുവർഷം കൊണ്ട് ലക്ഷം കുടുംബങ്ങളിലെ വനിതകൾ അടങ്ങുന്ന സംവിധാനമായി കുടുംബശ്രീ അയൽക്കൂട്ടങ്ങളെ മാറ്റും. സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വനിതാക്ഷേമപ്രവർത്തനങ്ങളും ദാരിദ്ര്യ നിർമ്മാർജന പ്രവർത്തനങ്ങളും ഈ വനിതാ അയൽക്കൂട്ടങ്ങൾ വഴിയായിരിക്കും നടപ്പാക്കുക. അഞ്ചുവർഷം കൊണ്ട് ഏതാണ്ട് 3000 കോടി രൂപയുടെ വികസനപ്രവർത്തനങ്ങൾ വനിതാസംഘങ്ങൾവഴി നടപ്പാക്കും.

3. വനിതാ അയൽക്കൂട്ട സംവിധാനങ്ങളെ പഞ്ചായത്ത് ഭരണവുമായും സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളുമായും ബന്ധപ്പെടുത്തും.

4. കുടുംബശ്രീ വനിതാ അയൽക്കൂട്ടങ്ങൾക്ക് ബാങ്ക് വായ്പ ഉറപ്പുവരുത്തുന്നതിന് സർക്കാർ മുൻകൈ എടുക്കും. സഹകരണ മേഖലയ്ക്കും പ്രമുഖമായ ഒരു സ്ഥാനം ഈ ലഘുസന്നദ്ധവായ്പാ പദ്ധതിയിൽ ഉണ്ടാവുന്നതാണ്.

5. കുടുംബശ്രീ വനിതാ അയൽക്കൂട്ടങ്ങളിലൂടെ പുതുതായി 3 ലക്ഷം സ്ത്രീകൾക്ക് സ്വയംതൊഴിലുകൾ നൽകും. പ്രാദേശിക പദ്ധതികളുടെ ഭാഗമായി ഈ സ്വയംതൊഴിൽ സംരംഭങ്ങളുടെ പരിശീലനവും വിപണിയും ഉറപ്പുവരുത്തും.

6. സ്ത്രീപീഡനത്തിനെതിരെ ജില്ലാ, പഞ്ചായത്ത് തലങ്ങളിൽ വനിതാ ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നതാണ്. വനിതാ കമ്മീഷന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും.

## 15. അധികാര വികേന്ദ്രീകരണം

1. ജനപങ്കാളിത്തത്തോടെയുള്ള അധികാരവികേന്ദ്രീകരണം യാഥാർത്ഥ്യമാക്കാൻ കേരളത്തിൽ നാം സ്വീകരിച്ചിട്ടുള്ള മാർഗമാണ് ജനകീയാസൂത്രണം. ജനകീയാസൂത്രണ പരിപാടി 10-ാം പഞ്ചവൽസരപദ്ധതിക്കാലത്തും തുടരുന്നതാണ്. 10-ാം പഞ്ചവൽസര പദ്ധതി ദീർഘവീക്ഷണത്തോടെ തയ്യാറാക്കുന്നതിനുള്ള ബൃഹത്തായ ജനകീയ ക്യാംപയിൻ അടുത്തവർഷം ആരംഭിക്കുന്നതാണ്.
2. 10-ാം പദ്ധതിയുടെ 35-40% പണം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതികൾക്കായിരിക്കും. ഇതിന് പുറമെ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള രണ്ടാം ധനകാര്യകമ്മീഷന്റെ ശുപാർശകൾ പ്രകാരമുള്ള പദ്ധതിയേതര ഗ്രാന്റുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതാണ്. ധനകാര്യകമ്മീഷൻ ശുപാർശകൾ 2001-2002 വർഷത്തിൽ നടപ്പാക്കും. കൈമാറിയ സ്ഥാപനങ്ങളുടെ നടത്തിപ്പിനും മറ്റുമുള്ള മതിയായ തുക ഉറപ്പാക്കും.
3. ഉദ്യോഗസ്ഥരുടെ പുനർവിന്യാസം പൂർത്തീകരിക്കും.
4. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ കംപ്യൂട്ടറൈസേഷൻ 3 വർഷം കൊണ്ട് പൂർത്തീകരിക്കും. സേവനങ്ങളും കംപ്യൂട്ടർവൽക്കരിക്കും. തിരുവനന്തപുരത്തെ 'ജനസേവന കേന്ദ്ര മാതൃക' സാർവത്രികമാക്കും.
5. എല്ലാ മുനിസിപ്പാലിറ്റികൾക്കും ജനകീയ സമഗ്രവികസന മാസ്റ്റർപ്ലാനുകൾ തയ്യാറാക്കും.
6. എല്ലാ മുനിസിപ്പാലിറ്റികളിലും ആധുനികവും, മലിനീകരണമുക്തവുമായ മാലിന്യ-ചവർ സംസ്കരണ ശാലകൾ സ്ഥാപിക്കും.
7. പൗരാവകാശരേഖ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും പ്രസിദ്ധീകരിക്കുകയും അവ പാലിക്കപ്പെട്ടുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യും. ഓംബുഡ്സ്മാൻ സംവിധാനത്തെ ശക്തിപ്പെടുത്തുകയും ചടുലമാക്കുകയും മേഖലാ ട്രിബ്യൂണലുകൾ സ്ഥാപിക്കുകയും ചെയ്യും. ഓഡിറ്റ് കമ്മീഷന് കീഴിൽ ഓഡിറ്റ് സംവിധാനങ്ങളെ പുന:സംഘടിപ്പിക്കും.

## 16. സഹകരണമേഖല

1. പൂർണ്ണമായും നിർജീവമായ സഹകരണസംഘങ്ങൾ ലിക്വിഡേറ്റ്

ചെയ്തും മെച്ചപ്പെടുന്നതിന് സാധ്യതയുള്ളവ പുനസംഘടിപ്പിച്ചും സഹകരണമേഖലയാകെ പുന:സംവിധാനം ചെയ്ത് ശക്തിപ്പെടുത്താൻ നടപടി കൈക്കൊള്ളും.

2. സഹകരണമേഖലയുടെ പ്രവർത്തനം പൂർണമായും ജനാധിപത്യ വൽക്കരിക്കുന്നതിന് നടപടി സ്വീകരിക്കും.

3. ഉൽപാദനമേഖലയിൽ വ്യക്തിസേവനങ്ങൾ നൽകുന്നതിന് വേണ്ടിയുള്ള സഹകരണസംഘങ്ങൾ കൂടുതൽ വ്യാപിപ്പിക്കും.

4. മാനേജ്മെന്റിലെ കാര്യക്ഷമത ഉയർത്തുന്നതിനുവേണ്ടി സഹകരണബോർഡ് അംഗങ്ങൾക്കും ജീവനക്കാർക്കും കാര്യക്ഷമമായ പരിശീലനപരിപാടി സംഘടിപ്പിക്കും.

5. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും സഹകരണസ്ഥാപനങ്ങളും തമ്മിൽ കൂടുതൽ ഏകോപനം ഉറപ്പുവരുത്തുന്നതിനാവശ്യമായ സമീപനമായിരിക്കും കൈക്കൊള്ളുക. ഈ രണ്ട് ജനകീയ സ്ഥാപനങ്ങളുടെയും ഏകോപിതമായ പ്രവർത്തനത്തിലൂടെ പ്രാദേശിക ആസൂത്രണത്തിന്റെയും സഹകരണ പ്രസ്ഥാനത്തിന്റെയും സാധ്യതകൾ പതിന്മടങ്ങ് ഉയർത്താനാകും.

## *17. സർക്കാർ ജീവനക്കാരും മറ്റും*

1. 11-ാം ധനകാര്യകമ്മീഷൻ ശുപാർശകൾ അംഗീകരിക്കുകവഴി സംസ്ഥാനസർക്കാർ ജീവനക്കാരുടെ ശമ്പളം പ്രായോഗികമായി മരവിപ്പിക്കുന്നതിലേക്ക് കേന്ദ്രസർക്കാർ നടപടി സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്. സംസ്ഥാന ജീവനക്കാരുടെ വേതനത്തിൽ കാലോചിതമായ പരിഷ്കാരങ്ങൾ വേണമെന്ന് തന്നെയാണ് ഇടതുപക്ഷജനാധിപത്യ മുന്നണി നിലപാട്. ജീവനക്കാരുടെ അവകാശങ്ങളും താൽപര്യങ്ങളും സംരക്ഷിക്കാൻ സംഘടനകളുമായി ചർച്ച ചെയ്ത് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

2. ജനാധിപത്യവ്യവസ്ഥയിൽ ജനങ്ങളുടെ സേവകരാണ് സർക്കാർ ഉദ്യോഗസ്ഥർ. എന്നാൽ, കോളനിവാഴ്ചക്കാലത്തെ മനോഭാവം ഇപ്പോഴും ഉദ്യോഗസ്ഥർക്കിടയിൽ അങ്ങിങ്ങായി നിലനിൽക്കുന്നുണ്ട്. സാധാരണ ജനങ്ങളുടെ ആവശ്യങ്ങളും ആവലാതികളും അതിവേഗം കൈകാര്യം ചെയ്യാൻ കഴിയുന്നതരത്തിൽ ഈ മേഖലയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതാണ്.

3. അഴിമതി, കാര്യക്ഷമതയില്ലായ്മ എന്നിവയ്ക്കെതിരായി സംഘടനകളുടെ സഹായത്തോടെ വലിയ ബഹുജനകൃാംപയിൻ ആരംഭിക്കുന്നതും ശക്തമായ ഭരണനടപടികൾ സ്വീകരിക്കുന്നതുമാണ്..

4. പെൻഷൻ ആക്ട് പരിഷ്കരിക്കുന്നതാണ്. സംഘടനാപ്രതിനിധികളുമായി ചർച്ച ചെയ്ത് പുതിയ പെൻഷൻ നയം ആവിഷ്കരിക്കും.

5. അഭിമാനകരമായ രീതിയിൽ ദേശസേവനം നടത്തിയ പതിനായിരക്കണക്കിന് വിമുക്തഭടന്മാർ കേരളത്തിലുണ്ട്. വിമുക്തഭടൻമാർക്കായി പ്രത്യേക സ്വയം തൊഴിൽ-പരിപാടികൾ ആവിഷ്കരിക്കുന്നതാണ്.

## 18. സംവരണനയം

പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും, വിദ്യാഭ്യാസപരമായും സാമൂഹ്യമായും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്കും സർക്കാർ ഉദ്യോഗ ങ്ങളിൽ ഇന്നുള്ള തോതിൽ സംവരണം തുടരണമെന്ന നയത്തിൽ എൽ.ഡി.എഫ് ഉറച്ചുനിൽക്കുന്നു. സംവരണകാര്യത്തിൽ പരസ്പര വിരുദ്ധവും അവസരവാദപരവുമായ നിലപാടുകൾ സ്വീകരിക്കുന്നവരുടെ ഒരു മുന്നണിയാണ് യു.ഡി.എഫ്. ഇന്നു നിലവിലുള്ള സംവരണ തത്വം നടപ്പിലാക്കുമ്പോൾ, പിന്നോക്ക സമുദായത്തിൽപ്പെട്ട ക്രീമിലെയർ പരിധിക്കു താഴെ വരുന്നവർക്കാണ് സംവരണാനുകൂല്യം ലഭിക്കുക. ഈ വിഭാഗ ത്തിൽപ്പെടുന്ന യോഗ്യരായ ഉദ്യോഗാർത്ഥികൾ റാങ്ക് ലിസ്റ്റിൽ വേണ്ടത്ര ഇല്ലാതെ വന്നാൽ, ബാക്കിവരുന്ന ഒഴിവുകളിലേക്ക് റാങ്ക്ലിസ്റ്റിൽ നിന്നും അതേ സമുദായത്തിലെ ക്രീമിലെയർ പരിധിക്ക് മുകളിലുള്ളവർക്ക് നിയമനം നൽകാൻ കഴിയണം. അങ്ങനെ ഓരോ സമുദായത്തിനും അർഹതപ്പെട്ട സംവരണാനുകൂല്യം മുഴുവൻ അവർക്കു തന്നെ കിട്ടുമെന്ന് ഉറപ്പുവരുത്തേണ്ടതാണ് അതോടൊപ്പം, മുന്നോക്ക സമുദായത്തിലെ പാവപ്പെട്ടവർക്ക് 10 ശതമാനം സംവരണം ഏർപ്പെടുത്തുകയും വേണം. ഈ രണ്ടുകാര്യങ്ങളും നടപ്പിൽ വരാൻ ഉചിതമായ ഭരണഘടനാ ഭേദഗതി ആവശ്യമാണ്. ഇത്തരമൊരു ഭരണഘടനാ ഭേദഗതി നടപ്പിൽ വരുത്താൻ എൽ.ഡി.എഫ്. പരിശ്രമിക്കുന്നതായിരിക്കും.

മതപരിവർത്തനം ചെയ്തതിനുശേഷവും പട്ടികജാതിക്കാരുടെ അവശതകൾ തുടർന്ന് അനുഭവിക്കുന്ന ദളിത് ക്രൈസ്തവരെ പട്ടികജാതി പട്ടികയിൽപ്പെടുത്തണമെന്ന ആവശ്യം ന്യായയുക്തമാണെന്ന് എൽ.ഡി.എഫ് കരുതുന്നു. ഇതു പ്രായോഗികമായി നടപ്പിലാക്കുമ്പോൾ നിലവിലുള്ള പട്ടികജാതി വിഭാഗങ്ങൾ അനുഭവിച്ചുവരുന്ന ആനുകൂല്യങ്ങൾ പൂർണ്ണമായും സംരക്ഷിക്കാനുള്ള നടപടികൾ

സ്വീകരിക്കേണ്ടതാണ്. ഇക്കാര്യം അവരുടെ സംഘടനകളുമായി ചർച്ച ചെയ്ത് അഭിപ്രായ സമന്വയം ഉണ്ടാക്കാൻ നടപടികൾ സ്വീകരിക്കും.

## *19. വിദേശമലയാളികൾ*

വിദേശങ്ങളിൽ പാർക്കുന്ന മലയാളികൾ കേരളത്തിന്റെയും ഇന്ത്യയുടെയും സാമ്പത്തികരംഗത്ത് ഗണ്യമായ പങ്ക് വഹിക്കുന്നുണ്ട്. അത് ഇനിയും പരമാവധി വികസിപ്പിച്ചു പ്രയോജനപ്പെടുത്തുന്നതിനും എൽ.ഡി.എഫ് ശ്രമിക്കും. ന്യായീകരിക്കാനാകാത്ത യാത്രാക്കൂലി വർദ്ധന, എംബസികളിൽ നിന്നുള്ള അവഗണന, തൊഴിലെടുക്കുന്നിടത്തെ വിവേചനം തുടങ്ങി വിദേശമലയാളി പല വിവേചനവും പ്രതികൂല സാഹചര്യങ്ങളും നേരിടേണ്ടിവരുന്നു. ഇവ പരിശോധിക്കുന്നതിനും, പരിഹരിക്കുന്നതിനും വേണ്ടി കേരളസർക്കാർ നോർക രൂപീകരിച്ചു. ഈ ഏജൻസിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കും. കൂടുതൽ സമഗ്രമായ ഇൻഷ്വറൻസ് സ്കീം പ്രവാസിമലയാളികൾക്ക് വേണ്ടി ആവിഷ്കരിക്കുന്നതാണ്. പ്രവാസിമലയാളികൾക്ക് പ്രത്യേകമായി നിക്ഷേപപദ്ധതികളും സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതികളും ആവിഷ്കരിക്കുന്നതാണ്.

## *20. മദ്യനയം*

മദ്യവും മയക്കുമരുന്നുകളും സമൂഹത്തിൽ ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. അവ വർജിക്കുന്നതിന് ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്. മദ്യപാനത്തെ കർശനമായി നിരുൽസാഹപ്പെടുത്തുന്ന ഒരു നയമാണ് ഇടതുപക്ഷജനാധിപത്യ മുന്നണിക്കുള്ളത്. എന്നാൽ മദ്യാസക്തിക്ക് പരിഹാരം മദ്യനിരോധന മാണെന്നത് പരാജയപ്പെട്ട പ്രായോഗികാനുഭവമാണ് ലോകത്തെമ്പാടുമുള്ളത്. കഴിഞ്ഞ തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് വോട്ടിൽ കണ്ണുംവച്ചാണ് യു.ഡി.എഫ് ചാരായനിരോധനം നടപ്പാക്കിയത്. മദ്യമാഫിയയും അവർ സംരക്ഷിക്കുന്ന സാമൂഹ്യവിരുദ്ധപ്രവണതകളും കേരളത്തിൽ രൂപംകൊണ്ടിരിക്കുന്നു. അവയ്ക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിക്കുന്നതോടൊപ്പം മദ്യനയത്തിൽ പ്രായോഗികതലത്തിൽ ചില മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെന്ന് ഇടതുപക്ഷജനാധിപത്യമുന്നണി വിശ്വസിക്കുന്നു. മദ്യമാഫിയയുടെ തായ്‌വേര് അറുക്കുന്നതിനുള്ള മാർഗം വിദേശമദ്യവിൽപന പൊതു ഉടമസ്ഥതയിൽ കൊണ്ടുവരികയും കള്ള് വ്യാപാരം

കള്ളുചെത്തുവ്യവസായത്തിലെ തൊഴിലാളികളുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ കൊണ്ടുവരികയുമാണ്. വിശദമായ പരിശോധനയുടെയും ചർച്ചയുടെയും അടിസ്ഥാനത്തിൽ മദ്യനയം സംബന്ധിച്ച് ഒരു അഭിപ്രായസമന്വയം സൃഷ്ടിക്കുന്നതിനും അതു നടപ്പാക്കുന്നതിനുമാണ് ഇടതുപക്ഷജനാധിപത്യമുന്നണി ശ്രമിക്കുന്നത്. മദ്യപാനാസക്തിക്കെതിരെ വിപുലമായ പൊതുബോധവൽക്കരണ പരിപാടികൾ ഗ്രാമസഭകളുടെ പങ്കാളിത്തത്തോടെ ആവിഷ്കരിക്കും. കള്ളുചെത്തു വ്യവസായസംരക്ഷ ണത്തിന് ഊന്നൽ നൽകും.

## *21. ഭരണപരിഷ്കാരങ്ങൾ*

1. ഭരണപരിഷ്കാരകമ്മീഷൻ ശുപാർശകൾ നടപ്പിലാക്കുന്നതിന് ഊർജിതനടപടി സ്വീകരിക്കും. ഇന്നത്തെ സെക്രട്ടറിയേറ്റ് സംവിധാനമാകെ ഒരു അഴിച്ചുപണിക്ക് വിധേയമാക്കുകയും ഡിപ്പാർട്ടുമെന്റുകളും ഡയറക്ടറേറ്റുകളും തമ്മിലുള്ള പ്രവർത്തന ഇരട്ടിപ്പ് ഒഴിവാക്കുന്നതിന് നടപടി സ്വീകിരക്കുകയും ചെയ്യും.
2. പഞ്ചായത്തുകളുടെയും റവന്യൂവില്ലേജുകളുടെയും അതിർത്തികൾ ഒന്നാക്കും.
3. ഭരണമേഖലയിൽ കംപ്യൂട്ടറൈസേഷൻ വ്യാപകമാക്കും.
4. എല്ലാ സർക്കാർ ഓഫിസുകളിലും അവിടെ നിന്ന് ലഭ്യമാകുന്ന സേവനങ്ങളും അവയ്ക്ക് ജനങ്ങൾ അപേക്ഷിക്കേണ്ട രീതിയും അപേക്ഷലഭിച്ചാൽ എത്ര ദിവസത്തിനുള്ളിൽ പരിഹാരം ലഭിക്കുമെന്നുള്ളതും പ്രസിദ്ധപ്പെടുത്തുന്നത് നിർബന്ധമാക്കും.
5. ജനങ്ങൾക്കറിയാനുള്ള അവകാശം സംബന്ധിച്ച നിയമം നടപ്പിലാക്കും.

## *22. പൊലീസ് നയം*

1. ജനങ്ങളുടെ സമാധാന ജീവിതം ഉറപ്പുവരുത്താനും നിഷ്പക്ഷമായ നീതിനിർവ്വഹണം ലക്ഷ്യം വച്ചുകൊണ്ടും പൊലീസ് സേനയെ ആധുനികവൽക്കരിച്ചു കൂടുതൽ കാര്യക്ഷമമാക്കും. ആധുനിക കുറ്റാന്വേഷണ മാർഗങ്ങളിൽ പരിശീലനവും തുടർപരിശീലനവും നൽകും.
2. പൊലീസിന്റെ ജനസമ്പർക്ക പരിപാടികൾ വർദ്ധിപ്പിക്കും. ക്രമസമാധാന പാലനത്തിൽ പൊലീസും ജനങ്ങളും തമ്മിലുള്ള

സഹകരണം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കും.

3. പൊലീസ് സേനാംഗങ്ങളുടെ പരാതികളും പ്രശ്നങ്ങളും പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കും.
4. നിയമ നടപടികളും നീതി നിർവ്വഹണവും കാലതാമസം കൂടാതെ നടപ്പിൽ വരുത്തുന്നതിന് ആവശ്യമായ കമ്പ്യൂട്ടർ വൽക്കരണം ഉൾപ്പടെയുള്ള ആധുനികവൽക്കരണം നടപ്പിലാക്കും.
5. ജയിൽപരിഷ്കരണ നടപടികൾ സ്വീകരിക്കും.

## *23. തൊഴിൽ*

1. ട്രേഡ് യൂണിയൻ അംഗീകാരത്തിനുള്ള ബിൽ പാസാക്കി നിയമമാക്കും.
2. മിനിമം വേജ് യഥാസമയം പുതുക്കി നിശ്ചയിക്കുകയും തൊഴിൽ നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതിനുള്ള ലേബർ എൻഫോർസ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം ഫലപ്രദമാക്കുകയും, ഇന്നുള്ള ക്ഷേമ–പെൻഷൻ പദ്ധതികൾ കൂടുതൽ വികസിപ്പിക്കുകയും ചെയ്യും.
3. തൊഴിലാളികളുടെ ന്യായമായ ആവശ്യങ്ങളും അവകാശങ്ങളും അംഗീകരിക്കുന്നതോടൊപ്പം വ്യവസായവൽക്കരണത്തിന് കൂടുതൽ പ്രോൽസാഹജനകമായ ക്രിയാത്മക അന്തരീക്ഷം സൃഷ്ടിക്കാൻ നടപടി സ്വീകരിക്കും. പുതിയ വ്യവസായസംരംഭങ്ങളുടെ നിർമ്മാണഘട്ടത്തിലും പ്രവർത്തനങ്ങളുടെ പ്രാരംഭദശയിലും തൊഴിൽ കുഴപ്പങ്ങൾ മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ ആവശ്യമായ കർശന സംവിധാനമേർപ്പെടുത്തും.
4. സ്വർണ്ണതൊഴിലാളികൾ, സ്വകാര്യ ആശുപത്രി, ഷോപ്പ് എസ്റ്റാബ്ലിഷ്മെന്റ് ജീവനക്കാർ, പാഴ്സൽ ജീവനക്കാർ, ചെറുകിട തോട്ടംതൊഴിലാളികൾ തുടങ്ങി അസംഘടിത അനൗപചാരിക മേഖലയിലെ എല്ലാവിഭാഗം തൊഴിലാളികൾക്കും ക്ഷേമപദ്ധതികൾ ഏർപ്പെടുത്തും.

## *24. പി.എസ്.സി*

1. കേരളത്തിന്റെ ചരിത്രത്തിൽ പി.എസ്.സി വഴി ഏറ്റവും കൂടുതൽ പേർക്ക് ഉദ്യോഗനിയമനങ്ങൾ നൽകിയത് 1996 ൽ അധികാരത്തിൽ വന്ന

എൽ.ഡി.എഫ് സർക്കാരിന്റെ കാലത്താണ്. എൽ.ഡി.എഫ് ഗവർമെണ്ട് 5 വർഷത്തിനകം 1,04,711 പേരെ പി.എസ്.സി. വഴി നിയമിച്ചിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിയും ഒരുലക്ഷത്തോളംപേർക്ക് നിയമനം നൽകി. പുതിയ സാമ്പത്തികനയങ്ങളുടെ ഭാഗമായി കേന്ദ്രഗവൺമെന്റും ഭൂരിഭാഗം സംസ്ഥാന ഗവൺമെന്റുകളും ജീവനക്കാരുടെ എണ്ണം വെട്ടിക്കുറക്കുകയും നിയമനനിരോധനം ഏർപ്പെടുത്തുകയും ചെയ്തപ്പോഴും കേരളത്തിൽ അത്തരം നടപടികളൊന്നും കൈക്കൊണ്ടില്ലെന്നു മാത്രമല്ല, പരമാവധി തൊഴിൽരഹിതർക്ക് തൊഴിൽ നൽകാനുള്ള പരിശ്രമങ്ങളാണ് നടത്തിയിട്ടുള്ളത്.

2. പി.എസ്.സിയുടെ പ്രവർത്തനം ശക്തിപ്പെടുത്തുകയും പി.എസ്.സി വഴിയുള്ള നിയമനങ്ങളുടെ ഗതിവേഗം വർദ്ധിപ്പിക്കുകയും ചെയ്യും. റിക്രൂട്ട്മെന്റ് നടപടികളിൽ അനുഭവപ്പെടുന്ന കാലതാമസം ഒഴിവാക്കുന്നതിനും പി.എസ്.സിയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമുള്ള നടപടികളെടുക്കും. കെട്ടിക്കിടക്കുന്ന അപേക്ഷകളിൻമേൽ സമയബന്ധിതമായി തീരുമാനമെടുക്കുന്നതിനും ഉദ്യോഗാർത്ഥികളുടെ ദീർഘകാലത്തെ കാത്തിരിപ്പിന് പരിഹാരം കാണുന്നതിനും ആവശ്യമായ സംവിധാനങ്ങൾ പി.എസ്.സിയിൽ ഏർപ്പെടുത്തും.

## *25. ഭക്ഷ്യ-പൊതുവിതരണം*

1. 1991-95 വർഷങ്ങളിൽ സംസ്ഥാനത്ത് നിത്യോപയോഗസാധനങ്ങളുടെ വില വർദ്ധനവിന്റെ തോത് 58% ആയിരുന്നു. 1995-2000 വർഷങ്ങളിൽ ഇത് 7 ശതമാനം മാത്രമാണ്. പൊതുവിതരണ സംവിധാനം ശക്തവും വ്യാപകവുമാക്കിയതിന്റെ ഫലമായാണ് വില നിയന്ത്രണം സാധിച്ചത്. എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വരുമ്പോൾ പൂട്ടിക്കിടക്കുകയായിരുന്ന മാവേലിസ്റ്റോറുകൾ തുറന്നു പ്രവർത്തനം ആരംഭിച്ചു. ഇതിന്റെ ഫലമായി 1996-97 വർഷത്തിൽ 325 കോടി രൂപയായിരുന്ന സപ്ലൈകോയുടെ വിറ്റുവരവ് 1999-2000 ൽ 640 കോടി രൂപയായി ഉയർന്നു. സംസ്ഥാനത്ത് ഇപ്പോൾ 819 മാവേലി സ്റ്റോറുകളും 21 സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളും 20 സൂപ്പർ മാർക്കറ്റുകളും പ്രവർത്തിക്കുന്നു.

2. എൽ.ഡി.എഫ് സർക്കാർ 10 ലക്ഷം പുതിയ മണ്ണെണ്ണ പെർമിറ്റുകൾ വിതരണം നടത്തി.

3. ഉൽസവവേളകളിൽ വിലവർദ്ധനവ് ഒരു പ്രവണതയായി വളർന്നുവന്ന കേരളത്തിന്റെ കമ്പോളത്തെ നിയന്ത്രിക്കാൻ സ്കൂൾ കുട്ടികൾക്ക് സൗജന്യമായി 5 കിലോ അരി വിതരണം നടത്തുന്ന പദ്ധതി നടപ്പിലാക്കി. സംസ്ഥാനത്തെ 27 ലക്ഷം സ്കൂൾ കുട്ടികൾക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചുവരുന്നു. ഉച്ചഭക്ഷണ പരിപാടിക്കായി ഒരുവർഷം 63000 മെട്രിക് ടൺ അരിയും 9500 മെട്രിക് ടൺ പയറും വിതരണം നടത്തുന്നതിന് പുറമേയാണ് ഈ പദ്ധതി നടപ്പിലാക്കിയത്.

4. സംസ്ഥാന കൺസ്യൂമർ ഫെഡറേഷൻ നടത്തുന്ന ത്രിവേണി-നീതി സ്റ്റോറുകളുടെ പ്രവർത്തനം കൂടുതൽ വ്യാപിപ്പിച്ചുകൊണ്ട് പൊതുവിപണിയിൽ ഇടപെടാനും നിത്യോപയോഗസാധനങ്ങൾ നിയന്ത്രിതവിലക്ക് ജനങ്ങൾക്ക് ലഭ്യമാക്കാനുമുള്ള സംവിധാനം ശക്തിപ്പെടുത്തും.

5. കേന്ദ്രസർക്കാരിന്റെ യാഥാർത്ഥ്യബോധമില്ലാത്ത സാമ്പത്തികനയം മൂലം ഭക്ഷ്യ-പൊതുവിതരണ മേഖല ഇന്നൊരു പ്രതിസന്ധിയിലാണ്. സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായത്തിൽ നിന്നു കേന്ദ്രസർക്കാർ പിന്മാറിയിരിക്കുന്നു. ഭക്ഷ്യസബ്സിഡി പരിമിതപ്പെടുത്താൻ കോൺഗ്രസ്(ഐ)-നരസിംഹറാവു സർക്കാർ തുടങ്ങിവെച്ച നടപടികൾ ബി.ജെ.പി- വാജ്പേയി സർക്കാർ പൂർണ്ണമായും നടപ്പാക്കി കഴിഞ്ഞിരിക്കുന്നു. റേഷൻ സമ്പ്രദായം ഇല്ലാതാക്കാനുള്ള തീരുമാനം രാജ്യത്ത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്ക് വഴിതെളിക്കും. കേരളം പോലെ ഭക്ഷ്യകമ്മി നേരിടുന്നൊരു സംസ്ഥാനത്തിന് റേഷൻ സമ്പ്രദായം അനിവാര്യമാണ്. പൊതുകമ്പോളത്തിൽ വില നിയന്ത്രിച്ചുനിർത്തുന്നതിൽ ഏറ്റവും വലിയ പങ്കുവഹിക്കുന്നത് സംസ്ഥാനത്തെ റേഷൻ സമ്പ്രദായമാണ്. ഐതിഹാസികമായൊരു പ്രക്ഷോഭത്തിലൂടെ കേരളം നേടിയെടുത്തതാണ് ഈ സമ്പ്രദായം. അത് പൂർണ്ണമായും ഇല്ലാതാവുകയാണ്. ഇന്ന് കേരളത്തിലുള്ള 15000 ത്തോളം റേഷൻ കടകളും അതിനെ ആശ്രയിച്ച് കഴിയുന്ന 30,000 ത്തിലേറെ വരുന്ന കുടുംബങ്ങളും വലിയൊരു ചോദ്യമായി നമ്മുടെ മുന്നിൽ നിലകൊള്ളുന്നു.

റേഷൻ സമ്പ്രദായം കേരളത്തിൽ നിലനിർത്തുമെന്ന് ഇടതുപക്ഷ ജനാധിപത്യമുന്നണി ഉറപ്പുനൽകുന്നു. രാജ്യത്തിനകത്തും പുറത്തുമുള്ള ഭക്ഷ്യധാന്യ ഉൽപാദനകേന്ദ്രത്തിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ സംഭരിച്ച് കേരളത്തിൽ റേഷൻ കടകൾവഴി ന്യായമായ വിലക്ക് വിതരണം നടത്തും.

സാധാരണക്കാരന്റെ ക്രയശേഷിയനുസരിച്ച് നിത്യോപയോഗ സാധനങ്ങൾ വിതരണം നടത്തുന്നതിനും പൊതുകമ്പോളത്തിൽ വില നിയന്ത്രിക്കുന്നതിനും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം വിപുലമാക്കും. സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും മാവേലി-നീതി സ്റ്റോർ എന്ന ലക്ഷ്യം കൈവരിക്കും.

# ഉപസംഹാരം

തികഞ്ഞ അഭിമാനത്തോടെയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി അഞ്ചുവർഷക്കാലാവധി പൂർത്തിയാക്കി വീണ്ടും ജനവിധി തേടുന്നത്. കഴിഞ്ഞ 5 വർഷക്കാലം സംസ്ഥാനത്തിന്റെയും ജനങ്ങളുടെയും പുരോഗതിക്കുവേണ്ടി ക്രിയാത്മ കമായ പദ്ധതികൾ ഏറ്റെടുത്ത് മുന്നോട്ടു പോകാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവർമെണ്ടിനു കഴിഞ്ഞു. വികസന പ്രവർത്തനങ്ങളുടെ രംഗത്തും അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്ന കാര്യത്തിലും സൈ്വരജീവിതവും സമാധാനവും ഉറപ്പുവരുത്തുന്നതിലും ഒരു സർവ്വകാല റെക്കോർഡ് തന്നെ സൃഷ്ടിക്കാൻ കഴിഞ്ഞു. കോൺഗ്രസ്(ഐ) നയിച്ച കേന്ദ്രഗവർമെണ്ട് തുടങ്ങിവെച്ചതും ഇപ്പോഴത്തെ ബിജെപി ഗവർമെണ്ട് വാശിയോടെ തുടരുന്നതുമായ ആഗോളവൽക്കരണ-ഉദാരവൽക്കരണ നയങ്ങൾ സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയിൽ കടുത്ത പ്രത്യാഘാതങ്ങളാണ് സൃഷ്ടിച്ചത്. ഈ കെടുതികളെയും കേന്ദ്രഗവർമെണ്ടിന്റെ കടുത്ത അവഗണനയേയും വിവേചനത്തേയും പ്രതിപക്ഷത്തിന്റെ

J952

എല്ലാവിധ ഇടങ്കോലിടലുകളെയും അതിജീവിച്ചുകൊണ്ടാണ് ഈ നേട്ടം കൈവരിക്കാൻ കഴിഞ്ഞത്. ഇച്ഛാശക്തിയോടെയും ലക്ഷ്യബോധത്തോടെയും ജനങ്ങളുടെ സമ്പൂർണ്ണ സഹകരണത്തോടെയും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവർമെണ്ട് നടത്തിയ ആ പ്രവർത്തനങ്ങൾ ഇനിയും കൂടുതൽ കാര്യക്ഷമമമായി മുന്നോട്ടു കൊണ്ടുപോകേണ്ടതുണ്ട്. അതിനു കഴിയുന്ന ഒരു കർമ്മപരിപാടിയാണ് ഇടതുപക്ഷജനാധിപത്യമുന്നണി കേരളത്തിലെ പ്രബുദ്ധരായ ജനങ്ങൾക്കു മുമ്പാകെ അവതരിപ്പിക്കുന്നത്. ഇതു നടപ്പിൽ വരുത്താൻ, അഴിമതിയും തമ്മിലടിയും മുഖമുദ്രയാക്കിയ, വർഗ്ഗീയ പിന്തിരിപ്പൻ ശക്തികളുടെ കൈകളിലേക്ക് കേരള സംസ്ഥാനഭരണം ഏല്പിക്കില്ലെന്നുറപ്പുവരുത്താൻ, ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ മുഴുവൻ സ്ഥാനാർത്ഥികളെയും അഭിമാനപൂർവ്വം വിജയിപ്പിക്കാൻ കേരളത്തിലെ പ്രബുദ്ധരായ മുഴു വൻ ജനങ്ങളോടും ഇടതുപക്ഷ ജനാധിപത്യ മുന്നണി സവിനയം അഭ്യർത്ഥിക്കുന്നു.

❑

ഇടതുപക്ഷ
ജനാധിപത്യമുന്നണി
സ്ഥാനാർഥികളെ
വിജയിപ്പിക്കുക

Printed and published by V.S. Achuthanandan for Left Democratic Front Kerala State Committee Trivandrum Printed at P. Krishna Pillai Memorial Printing and Publishing Co. Pvt. Ltd. Trivandrum

25-03-2001 Price Rs.3.00

# കേരളം
# പുതുനൂറ്റാണ്ടിലേക്ക്

## ഇടതുപക്ഷ ജനാധിപത്യമുന്നണി
## പ്രകടനപത്രിക

320.954
PRA

❖ 12 ലക്ഷംപേർക്ക് തൊഴിൽ ❖ എല്ലാവർക്കും വീട് ❖ വൈദ്യുതിമിച്ചസംസ്ഥാനം ❖ എല്ലാവീടിനും വെള്ളവും വെളിച്ചവും കക്കൂസും ❖ അർഹരായ മുഴുവൻപേർക്കും കൈവശഭൂമിക്ക് പട്ടയം ❖ ഐടിയിൽ 5 ലക്ഷം പേർക്ക് സർട്ടിഫിക്കറ്റ്, 3 ലക്ഷം പേർക്ക് ഡിപ്ലോമ, 1 ലക്ഷം പേർക്ക് ഡിഗ്രി ❖ ജൈവ - വിവരവിനിമയ സാങ്കേതികവിദ്യ മേഖലയിലും ടൂറിസത്തിലും ഊന്നൽ ❖ സമ്പൂർണ്ണ സാമൂഹ്യക്ഷേമ സുരക്ഷിതത്വ പരിപാടി ❖ 1 ലക്ഷം വനിതാ അയൽക്കൂട്ടങ്ങളും 2 ലക്ഷം സ്വയംതൊഴിൽ സംരംഭങ്ങളും ❖ ഉൽപാദനവർദ്ധനവിന് സംഘകൃഷിയും ആധുനികവൽക്കരണവും ❖ കാർഷികസംസ്കരണ വ്യവസായങ്ങൾ കൃഷിരക്ഷയ്ക്ക് ❖ പരമ്പരാഗത വ്യവസായസംരക്ഷണവും നവീകരണവും ❖ പൊതുമേഖലയ്ക്ക്സംരക്ഷണം ❖ അധികാരം ജനങ്ങൾക്ക് - ജനകീയാസൂത്രണത്തിലൂടെ ❖ അറിയാനുള്ള അവകാശം സംബന്ധിച്ച് നിയമനിർമ്മാണം ❖ വർഗ്ഗീയതയോടും അഴിമതിയോടും സന്ധിചെയ്യാത്ത ഭരണം ❖ സുസ്ഥിരഭരണം സമാധാനജീവിതം